# ആത്മപ്രകാശിനി

**2009 ഏപ്രിൽ**

*ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .*

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

# അകത്താളുകളിൽ


**സ്ഥലം സഭയുടെ സ്വാതന്ത്ര്യവും . . . .**
ഡോ. കെ.സി. ജോൺസൺ .......... 3

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ........................ 4

**തിശ്ബ്യനായ ഏലിയാവ്**
സന്തോഷ് ........................................ 5

**അവൻ യാത്ര പുറപ്പെടട്ടെ**
ഡി. ജോർജ്ജ് .................................... 7

**വിശ്വാസികൾ വ്യവഹാരങ്ങളിൽ . . .**
ജോർജ്ജ് സി. വർഗ്ഗീസ് .................. 8

**മൂല്യച്യുതി ധനം മൂലം**
ടി.ജെ. ജാക്സൺ .............................. 11

**ആരെ പിൻതുടരണം**
വി.എം. ജോൺ ................................. 13

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................. 14

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് ............................. 16

**ബോവസിന്റെ വയൽ**
സൂസൻ സാജൻ തോമസ് ............... 17

**വാഴ്ത്തുമിന്നുമെന്നുമന്നും**
റെജി പോൾ ...................................... 19

**അതുല്യനായ ദാതാവ്**
എ. എം. ശാമുവേൽ .......................... 20

**ബൈബിൾ പ്രശ്നാവലി ............. 21**

**വാർത്തകളും, കുറിപ്പുകളും 22**


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.4**

## 2009 ഏപ്രിൽ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
**athmaprakashini@gmail.com**
**+919447265500**

# സ്ഥലം സഭയുടെ സ്വാതന്ത്ര്യവും പരസ്പരാശ്രിതത്വവും

ഡോ. കെ.സി. ജോൺസൺ, മാവേലിക്കര

ബ്രദ്റൺ സഭകൾക്ക് മറ്റുള്ള സഭകളെപ്പോലെ സഭാംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കേന്ദ്രീകൃത ഭരണ സംവിധാനവും അതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടിയ നിയമാവലിയും ഇന്ന് ഇല്ല എന്നത് വളരെ വലിയ കുറവായി കാണുന്ന അനേകരുണ്ട്. കഴിഞ്ഞ നാളുകളിൽ മറ്റുള്ള സഭകളിൽ നിന്നുള്ളവരായിരുന്നു ഇക്കാര്യത്തിൽ ബ്രദ്റൺ സഭകളെ വിമർശിച്ചിരുന്നതെങ്കിൽ ഇന്ന് വിമർശിക്കുന്നവർ കപ്പലിൽ തന്നെ ഉള്ളവർ ആണ്. ബ്രദ്റൺ സഭകളുടെ നിലനില്പിനും വിശ്വാസികളുടെ സംരക്ഷണത്തിനും ഇവയെല്ലാം അത്യന്താപേക്ഷിതമാണ് എന്ന് പ്രസംഗിക്കുകയും മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ഇന്ന് അനേകരാണ്.

ബൈബിളിലെ ഉപദേശങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ലോകമനുഷ്യരെപ്പോലെ എഴുതി ഉണ്ടാക്കുന്ന നിയമാവലി ദൈവമക്കൾക്ക് യോജിച്ചതല്ല. ഇത്തരം ഭരണഘടന വചനാധിഷ്ഠിതമല്ല. വിദ്യാഭ്യാസം, കുടുംബമാഹാത്മ്യം, സമ്പത്ത് തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികളോ സ്ഥാനവും മാനവും അധികാരവും ലക്ഷ്യമാക്കിയുള്ള കേന്ദ്രീകൃത ഭരണസംവിധാനമോ, ബൈബിളിൽ നിന്നും നമുക്ക് ലഭച്ചിരിക്കുന്ന അപ്പൊസ്തലിക മാതൃകയ്ക്കും ഉപദേശത്തിനും വിരുദ്ധമാണ്.

ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുകയും വേർപെട്ട ദൈവജനം വളരെ പ്രാധാന്യം നല്കുകയും ചെയ്യുന്ന ഒരു ഉപദേശമാണ് പ്രാദേശിക സഭകളുടെ സ്വയംഭരണാവകാശം. അപ്പൊസ്തലനായ യോഹന്നാൻ "*ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു*" എന്നു രേഖപ്പെടുത്തിയിരിക്കുന്നു (1:13). ഈ "*ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു*" എന്ന വിശദീകരണവും (1:20) യോഹന്നാൻ നല്കുന്നുണ്ട്. ഇവിടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്ഥാനം സഭകളൂടെ നടുവിലാണ്. ഇത് വ്യക്തമാക്കുന്നത് ഓരോ സ്ഥലം സഭയും സ്വതന്ത്രമാണ് എന്നും ഓരോ സഭയും കർത്താവിനോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു എന്നുമാണ്. പല പ്രാദേശിക സഭകൾ ഒന്നിച്ചു ചേർത്ത് ഭരണസൗകര്യത്തിനായി ക്രമീകരിച്ചിരിക്കുന്ന സെന്റർ, ഡിവിഷൻ, ഡിസ്ട്രിക്റ്റ്, രൂപത, ഭദ്രാസനം തുടങ്ങിയ കേന്ദ്രീകൃത ഭരണക്രമങ്ങൾ ദൈവവചന പ്രകാരമുള്ളതല്ല. ഓരോ സ്ഥലം സഭയും ആ സഭയിലെ മൂപ്പന്മാരാൽ ഭരിക്കപ്പെടേണ്ടതും (1 തിമൊ. 5:17), പാലിക്കപ്പെടേണ്ടതും (അപ്പൊ. 20:28; 1 തിമൊ. 3:5; 1 പത്രൊസ് 5:2), സ്വയം ഭരണാവകാശമുള്ളതും സ്വതന്ത്രവുമാണ്. ഒരു മൂപ്പൻ മാത്രം ഒരു സഭയെ ഭരിക്കുന്ന രീതിയും ഒരു മൂപ്പൻ ഒന്നിലധികം സഭകളെ ഭരിക്കുന്ന രീതിയും ഒന്നിലധികം മൂപ്പന്മാർ ഒന്നിലധികം സഭകളെ ഭരിക്കുന്ന രീതിയും പുതിയനിയമം പഠിപ്പിക്കുന്നില്ല. ഒരു സഭയുടെമേൽ മറ്റു സഭകൾക്കോ മറ്റു സഭകളിലെ വ്യക്തികൾക്കോ യാതൊരു അധികാരവും ദൈവവചനം നൽകുന്നില്ല.

ഓരോ സ്ഥലം സഭയും സ്വയം ഭരണാവകാശമുള്ളതും സ്വതന്ത്രവുമാണ് എന്നതുകൊണ്ട് സ്ഥലം സഭകൾ സർവ്വതന്ത്ര സ്വതന്ത്രമാണെന്നു കരുതരുത്. ദൈവവചന സത്യങ്ങൾക്കു വിരുദ്ധമായി ഒരു തീരുമാനം എടുക്കുന്നതിനും സ്ഥലം സഭയ്ക്ക് അനുവാദമില്ല. ഓരോ സ്ഥലം സഭയും സ്വതന്ത്രമായിരിക്കുമ്പോൾ തന്നെ പരസ്പരാശ്രിതവുമാണ്. ബൈബിൾ പഠിപ്പിക്കുന്ന പുതിയനിയമ ഉപദേശങ്ങൾ വിശ്വസിച്ചും പഠിപ്പിച്ചും സാക്ഷ്യത്തോടെ മുൻപോട്ടു പോകുന്ന സഭകളുമായും അങ്ങനെയുള്ള സഭകളിലെ വിശ്വാസികളുമായും സഹകരണത്തിൽ പോകുന്നതിന് സ്ഥലംസഭാ സ്വാതന്ത്ര്യം ഒരു തടസ്സമല്ല. ആകയാൽ കർത്താവായ യേശുക്രിസ്തു നൽകിയ മഹാനിയോഗത്തിന്റെ (മത്തായി 28:18-20) നിർവ്വഹണം ലക്ഷ്യമാക്കി സഹകരിച്ചുള്ള പ്രവർത്തനങ്ങളെ പുതിയനിയമം വിലക്കുന്നുമില്ല. സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് വ്യക്തമായ തെളിവാണല്ലൊ അപ്പൊസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന പൗലൊസിന്റെ സുവിശേഷ യാത്രകൾ. തിമൊഥെയൊസിനെപ്പറ്റി "*അവൻ ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു*" (അപ്പൊ. 16:2) എന്ന ലൂക്കൊസിന്റെ റിപ്പോർട്ടും ഈ സഭകൾ തമ്മിലുള്ള സഹകരണത്തെയാണ് കാണിക്കുന്നത്.

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

**3. ദൈവജനത്തിന്റെ ആരാധന ഒരു നിർവ്വചനം.**

ഒരു ദൈവപൈതൽ ദൈവസന്നിധിയിൽ ഇരുന്ന് ഭയത്തോടും ഭക്തിയോടും എല്ലാവിധ ബഹുമാന ആദരവോടും കൂടെ ദൈവമുഖത്തേയ്ക്ക് നോക്കി തന്നെ രക്ഷിച്ച കർത്താവിന്റെ കഷ്ടാനുഭവങ്ങളെ ഓർത്ത് (കർത്തൃമേശ ആചരിച്ച്) അവന്റെ അന്തരാത്മാവിൽ നിന്നും ഉയരുന്ന നന്ദിനിറഞ്ഞ സ്തുതിസ്തോത്ര യാഗങ്ങൾ അവന്റെ പാദങ്ങളിൽ അർപ്പിച്ച് സാഷ്ടാംഗം വീണ് പിതാവായ ദൈവത്തെ പരിശുദ്ധാത്മാവിനാൽ നമസ്ക്കരിക്കുന്നതാണ് ആരാധന.

a. വ്യക്തിപരമായ ആരാധന

പുതിയ നിയമത്തിൽ 2 ദൈവാലയങ്ങളെക്കുറിച്ച് കാണുന്നു. നമ്മുടെ ശരീരമാകുന്ന മന്ദിരം (1 കൊരി. 6:19–20). സഭയുടെ കൂടിവരവാകുന്ന മന്ദിരം (1 കൊരി. 3:16). ദൈവം വസിക്കുന്ന മന്ദിരമാണ് ദൈവാലയം. വിശ്വാസികൾ ഓരോരുത്തരും ദൈവത്തിന്റെ മന്ദിരമാകയാൽ ഏവർക്കും വ്യക്തിപരമായി കർത്താവിനെ ആരാധിക്കാം. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം പ്രത്യേകമായി നിർദ്ദേശിക്കുന്ന രീതിയിലുള്ള ആരാധനയുണ്ട്. അതുകൂടാതെ സ്വമേദയായി അർപ്പിക്കുന്ന ആരാധനയുണ്ട്. ദൈവം വച്ചിരിക്കുന്ന വ്യവസ്ഥയോടുകൂടിയ ആരാധനകഴിക്കേണ്ടത് യാഗത്തോടുകൂടെയാണ്. അങ്ങനെയുള്ള യാഗവും ആരാധനയും അബ്രാഹാം ചെയ്യുന്നതിനെക്കുറിച്ചാണ് ഉല്പത്തി 22–ാം അദ്ധ്യായത്തിൽ കാണുന്നത്.

അബ്രാഹാം തന്റെ വീട്ടിലേക്കു വരുന്ന 3 ദൈവദൂതന്മാരെ നിലംവരെ കുനിഞ്ഞ് നമസ്ക്കരിക്കുന്നു (ഉല്പത്തി. 18:2). ആദാം, ഹാനോക്, നോഹ, അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവർ ദൈവത്തെ വ്യക്തിപരമായി ആരാധിച്ചിട്ടുണ്ട്. പഴയനിയമ പിതാക്കന്മാർ ദൈവത്തെ വ്യക്തിപരമായി ആരാധിച്ചിട്ടുണ്ട്.

ദൈവസന്നിധിയിൽ തനിയെ ആയിരിക്കുമ്പോൾ കർത്താവിന്റെ വലിപ്പവും മഹത്വവും ഹൃദയത്തിൽ നിറഞ്ഞ് തന്റെ മുന്നിൽ അർപ്പിക്കുന്ന സ്തുതിസ്തോത്രങ്ങളാണ് വ്യക്തിപരമായ ആരാധനയിൽ ദർശിക്കുന്നത്. “എൻമനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് (സങ്കീ. 103:1–2). ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും (സങ്കീ. 34:1–; സങ്കീ. 68:19).

പുതിയനിയമ വിശുദ്ധന്മാർ ഓരോരുത്തരും രാജകീയ പുരോഹിത വർഗ്ഗമാണ് (1 പത്രൊസ് 2:9). പുരോഹിതനു ദൈവത്തെ ആരാധിക്കാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ദൈവസൃഷ്ടിയുടെ ഉദ്ദേശ്യംതന്നെ അവനെ ആരാധിക്കുക സേവിക്കുക എന്നതാണ്. നമ്മുടെ ആരാധന അധരം കൊണ്ട് ദൈവത്തെ സ്തുതിക്കുന്നതും ജീവിതം കൊണ്ട് സേവിക്കുന്നതുമാണ്. ആരാധനയും സേവനവും തുടർമാനമായ വിഷയമാണ്.

കർത്താവിന്റെ ഐഹിക കാലഘട്ടത്തിൽ അനേകർ പല സന്ദർഭങ്ങളിലായി വ്യക്തിപരമായി വന്നു നമസ്കരിച്ചു. അവരുടെ വ്യക്തിപരമായ ആരാധന കർത്താവ് സ്വീകരിച്ചു. മറിയ ആത്മാവിൽ നിറഞ്ഞ് കർത്താവിനെ മഹത്വപ്പെടുത്തുന്നു (ലൂക്കൊസ് 1:46–47). യോഹന്നാൻ വെളിപ്പാടു പുസ്തകത്തിൽ പല സന്ദർഭങ്ങളിലായി കർത്താവിനെ വ്യക്തിപരമായി വീണുനമസ്ക്കരിക്കുന്നതായി കാണാം. വ്യക്തിപരമായ ആരാധനയ്ക്ക് സ്ഥലസമയ പരിധികൾ ഇല്ല. ഏതു സ്ഥലത്തും എവിടെ വച്ചും ദൈവത്തിന്റെ വലിപ്പം, മഹത്വം അവൻ ചെയ്ത നന്മകൾ ഓർത്ത് സ്തുതിസ്തോത്രങ്ങൾ കരേറ്റി അവനെ നമസ്ക്കരിക്കാം. അവിടെ കർത്തൃമേശ വയ്ക്കുവാൻ ആവശ്യമില്ല. കർത്തൃമേശ വ്യക്തികൾക്കല്ല, സഭയ്ക്കാണ് ഏല്പിച്ചിരിക്കുന്നത്.

b. സഭയായിട്ടുള്ള ആരാധന

പെന്തക്കൊസ്തു നാളിൽ സഭ രൂപം കൊണ്ടു. രക്ഷിക്കപ്പെട്ടവർ അന്നുതന്നെ സ്നാനപ്പെട്ടു സഭയുടെ അംഗങ്ങളായി മാറി. ദൈവജനം ഒന്നിച്ചു കൂടുന്ന എല്ലാ യോഗങ്ങളെയും സഭായോഗം എന്ന് പൊതുവേ പറയാം. എല്ലാ യോഗങ്ങളും ആരാധനാ യോഗമല്ല. സഭയുടെ ആരംഭ നാളുകളിൽ അവർ ആത്മീയ സന്തോഷത്തിൽ ഒരുമനപ്പെട്ട് ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കുകയും ചെയ്തിരുന്നു (അപ്പൊ. 2:46). ആരംഭനാളുകളിൽ എല്ലാ ദിവസവും അപ്പംനുറുക്കുവാൻ വീടുകളിൽ കൂടിയിരുന്നു. അത് എത്രനാൾ തുടർന്നുയെന്ന് നമുക്ക് അറിയില്ല. ഏകദേശം 20 വർഷം കഴിഞ്ഞപ്പോൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മാത്രം അപ്പംനുറുക്കാൻ കൂടിവരുന്ന പതിവുണ്ടായിരുന്നു (അപ്പൊ. 20:7). ആ നാളുകളിൽ ഇടയ്ക്കുള്ള യോഗങ്ങളിൽ അപ്പം നുറുക്കിയിരുന്നില്ല. അതുകൊണ്ടാണ് അപ്പം നുറുക്കാൻ വേണ്ടി പൗലൊസ് ചില ദിവസങ്ങൾ അവിടെ പാർത്തത്.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സഭായോഗം കൂടുന്നതിന്റെ മുഖ്യമായ ലക്ഷ്യം അപ്പം നുറുക്കലാണ്. അപ്പംനുറുക്കൽ ആചരണം കർത്താവിന്റെ കല്പനയാണ്. അത് തിരുസഭയ്ക്ക് ഏല്പിച്ചുകൊടുത്ത ഒരു കർമ്മമാണ്. അത് സഭയ്ക്കാണ് ഏല്പിച്ചു കൊടുത്തത്. വ്യക്തികൾക്ക് അല്ല. സഭ കൂടിവന്നാണ് ആ കർമ്മം ചെയ്യേണ്ടത്. ഇടയോഗ

# തിശ്ബ്യനായ ഏലിയാവ്

**സന്തോഷ്, കോഴഞ്ചേരി**

**യോ**ർദ്ദാൻ താഴ്‌വരയ്ക്കു പടിഞ്ഞാറായി ബാശാനിനു വടക്കുമായി സ്ഥിതിചെയ്യുന്ന പട്ടണമാണ് ഗിലയാദ്. 'കഠിനം' എന്നർത്ഥമുള്ള 'ഗിലയാദ്' എന്ന പദം 99 തവണ വേദപുസ്തകത്തിൽ ആവർത്തിക്കുന്നു. മലകൾ നിറഞ്ഞ ഒരു പ്രദേശമാണ് ഗിലയാദ്. പിസ്ഗ, അബാരിം, പോർ മുതലായ 2000 മുതൽ 3000 വരെ അടി ഉയരമുള്ള മലകൾ ഇവിടെയുണ്ട്. ഗിലയാദിൽ നിർമ്മിക്കുന്ന തൈലം വളരെ കേൾവി കേട്ടതാണ്.

സമ്പന്ന പട്ടണമായ ഗിലയാദിലെ 'തിശ്ബി' എന്ന സ്ഥലത്തു നിന്ന് ദൈവം വിളിച്ചു വേർതിരിച്ച ഒരു പ്രവാചകനാണ് ഏലിയാവ്. തിശ്ബി എന്ന പദം 6 തവണ ബൈബിളിൽ പറയുന്നു. ഏലിയാവ് എന്ന വാക്ക് 69 തവണയും ബൈബിളിൽ ആവർത്തിക്കുന്നു.

വേദപുസ്തകത്തിൽ 2 ഏലിയാവിനെപ്പറ്റി പറയുന്നു. ഒന്നാമത്തേത് യിസ്രായേൽ ജനമായിരിക്കെ അന്യജാതിക്കാരത്തികളെ വിവാഹം കഴിച്ച കൂട്ടത്തിലെ ഹാരിമിന്റെ മകൻ ഏലിയാവ് (എസ്രാ. 10:21). രണ്ടാമത് നാം കണ്ട പ്രവാചകനായ ഏലിയാവ് (1 രാജാ 17:1). പുതിയനിയമത്തിൽ 30 തവണ ഏലിയാവ് എന്ന വാക്ക് ആവർത്തിക്കുന്നു. ഏലിയാവിനെപ്പറ്റി പഠിക്കുമ്പോൾ ദൈവം തന്നെ ഉയർത്തിയ വിധം ഗഹനീയം തന്നെ. ഗിലയാദിലെ നന്മകൾ ത്യജിച്ച് ദൈവീക പദ്ധതി തിരഞ്ഞെടുത്ത തന്റെ ഓരോ ഉയർച്ചയും നമ്മെ സംബന്ധിച്ച് വളരെ ചിന്തകൾ അടങ്ങിയതാണ്.

**1. നാട്ടിൽ നിന്നും തോട്ടിലേക്ക്; (1 രാജാ. 17:1-3).**

കെരീത്ത് തോട് വളരെ ശുദ്ധജലം നൽകുന്നതും എല്ലാ സമയത്തും നിറഞ്ഞൊഴുകുന്നതുമാണ്. മലകളിൽ നിന്നുള്ള ഉറവകളാൽ രൂപപ്പെട്ടതാണ് ഇത്. ആകെ 2 തവണയാണ് വചനത്തിൽ ഈ പേരു കാണുന്നത്. ഗിലയാദ് സമ്പന്നതയുള്ള ഒരു പട്ടണമാണ്. അവിടെ നിന്ന് ദൈവീക വിളിക്ക് യോഗ്യമാംവണ്ണം യാത്ര തിരിച്ച ഏലിയാവിന്റെ രണ്ടാം സ്ഥലം കെരീത്ത് തോടാണ്. കൊടും വരൾച്ചയിൽ ആ തോടും വറ്റിയതായി കാണുന്നു. തോട്ടുവക്കത്ത് മരത്തണലിൽ വിശ്രമിച്ചിരുന്ന ഏലിയാവിന് ആ വരൾച്ച ഒരു ബുദ്ധിമുട്ടായില്ല. അത്ഭുതകരമായി കാക്കയിലൂടെ ഭക്ഷണം കിട്ടിയിരുന്ന ആ കാലം അതോടെ അവസാനിച്ചു. ദൈവീക പദ്ധതിയിലൂടെ ഏലിയാവിനുണ്ടായ ഈ ആദ്യ അനുഭവം വളരെ ആത്മീക ബലം ലഭിക്കുവാനിടയായി. ഉയർച്ചയിൽ നിന്ന് തോടിന്റെ താഴ്ചയിലേക്കാണെങ്കിലും താൻ അത് സന്തോഷത്തോടെ പിറുപിറുക്കാതെ സഹിക്കുകയാണ്. തന്റെ നാട്ടിൽ നിന്നും ദൈവേഷ്ടം നിറവേറാനായി എത്ര താഴ്ചയാണെങ്കിലും അതിനപ്പുറത്തുള്ള നന്മ അദ്ദേഹം പ്രതീക്ഷിച്ചിരുന്നു.

**2. തോട്ടിൽ നിന്നും വീട്ടിലേക്ക് : (1 രാജാ. 17:9,10)**

തോട്ടുകരയിലെ തന്റെ ജീവിതം ബുദ്ധിമുട്ടിലേക്കു നീങ്ങിയപ്പോൾ ദൈവം തന്നെ വീട്ടിലേക്കു നയിക്കുന്നു. തോട്ടുകരയിൽ ഏകാന്തതയോടെ ആരും സഹായമില്ലാതെ വേണ്ടത്ര സൗകര്യമില്ലാതെ ബന്ധുക്കളുമില്ലാതെ സുഭിക്ഷമായ ഭക്ഷണം കഴിച്ച് കഴിഞ്ഞിരുന്ന തന്നെ ദൈവം ഒരു വിധവയുടെ ഭവനത്തിലേക്ക് യാത്രയാക്കി. ഗിലയാദിനെ സംബന്ധിച്ച് ഇത് ഒരു താഴ്ചയാണെങ്കിലും കെരീത്തിനെ സംബന്ധിച്ച് ഇത് ഒരു ഉയർച്ചയാണ്. ഒരു വിധവയുടെ ഭവനമെന്നു പറയുമ്പോൾ ഇല്ലായ്മയുടെ ഒരു ചിത്രം എന്നാണ് പറയേണ്ടത്. പക്ഷേ അവിടേയ്ക്ക് ഏലിയാവിനെ അയച്ചു. ആ വിധവയുടെ കുഞ്ഞുമായി ആകെ

---

ങ്ങളിൽ പ്രാർത്ഥനയിലൂടെയും സ്തുതി സ്തോത്രങ്ങളിലൂടെയും ദൈവത്തിനു മഹത്വം കൊടുക്കുന്നുണ്ട്. അപ്പോൾ ദൈവം മഹത്വപ്പെടുന്നുണ്ട്. ആരാധനയുടെ ഭാഗങ്ങൾ അവിടെ വരുന്നുണ്ടെങ്കിലും ആ യോഗം ആരാധനായോഗമല്ല. അവിടെ കൂടുന്നതിന്റെ ഉദ്ദേശ്യം അപ്പം നുറുക്കലല്ല. ഭവനയോഗമോ ബൈബിൾ ക്ലാസ്സോ ആയിരിക്കും. ഞായറാഴ്ച കൂടുന്നത് അപ്പം നുറുക്കാൻ വേണ്ടിയാണ്. അതിനാണ് മുഖ്യമായ സ്ഥാനം. എന്നാൽ പലരും ധരിച്ചിരിക്കുന്നത് കർത്തൃമേശ മാത്രം ആരാധനയെന്നാണ്. അപ്പംനുറുക്കൽ ആരാധനയല്ല. ആരാധനയ്ക്ക് നമ്മുടെ ഹൃദയങ്ങളെ ചിട്ടപ്പെടുത്തി ഒരുക്കാൻ സഭയ്ക്ക് നൽകിയിരിക്കുന്ന ഓർമ്മയുടെ കർമ്മമാണ് (1 കൊരി. 11:23-30).

ഒരു വിശ്വാസിയുടെ ആരാധന വിഷയം അറുക്കപ്പെട്ട കുഞ്ഞാടാണ്. കുഞ്ഞാട് അറുക്കപ്പെട്ടു എന്നതിന്റെ ഓർമ്മ പുതുക്കുന്ന ഘടകമാണ് കർത്തൃമേശ. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവാൻ കർത്താവ് പ്രത്യേകം പറഞ്ഞിട്ടുണ്ട്. കർത്താവിനെ ഓർക്കുമ്പോൾ (ആരാധിക്കുമ്പോൾ) ഓർമ്മയുടെ ശുശ്രൂഷ ചെയ്ത് ആരാധിക്കണം. ഈ ശുശ്രൂഷകൂടി ചെയ്ത് ദൈവത്തിന് സ്തുതിസ്തോത്രയാഗങ്ങൾ കരേറ്റി ദൈവസന്നിധിയിൽ സാഷ്ടാംഗം വീണു നമസ്ക്കരിക്കുന്നതാണ് ആരാധന. എല്ലാ ദിവസവും വ്യക്തിപരമായി ദൈവത്തെ ആരാധിക്കാത്തവൻ സഭയായി ദൈവത്തെ ആരാധിക്കാൻ പാടില്ല. കർത്തൃമേശ കൂടാതെ സഭായോഗം പൂർണ്ണമാകുന്നില്ല. (തുടരും)

യുള്ള മാവുകൊണ്ട് അപ്പം ഉണ്ടാക്കിക്കഴിച്ച് മരിക്കുവാൻ പദ്ധതിയിട്ടിരിക്കെയാണ് ദൈവം ഏലിയാവിനെ അവിടേയ്ക്ക് അയച്ചത്. പലപ്പോഴും മറ്റുള്ളവരുടെ പ്രയാസത്തിന്റെയും ബുദ്ധിമുട്ടിന്റേയും നിരാശയുടെയും മദ്ധ്യത്തിൽ ദൈവം തന്റെ ദാസന്മാരെ ഉപയോഗിക്കും. പരിശുദ്ധാത്മാവ് ദൈവജനത്തിന് കൃപ നൽകി, വഴി നടത്തുന്നത് മറ്റുള്ളവരുടേയും ജീവനും നന്മയ്ക്കും വേണ്ടിയാണ്. ആ ദൈവീക നടത്തിപ്പിനെ അവഗണിച്ചാൽ അതിനുള്ള ശിക്ഷ കഠിനം തന്നെ. നമുക്ക് നന്മയും സമ്പത്തും ഉയർച്ചയും നൽകുമ്പോൾ കഷ്ടതയിലൂടെ ജീവിക്കുന്ന ദൈവമക്കളെ നാം മറന്നുപോകരുത്. മറന്നാൽ ദൈവവും നമ്മെ മറക്കും. സംശയമില്ല. വിധവയുടെയും കുഞ്ഞിന്റെയും ജീവൻ നാശത്തിലേക്കു പോകവെ ദൈവം ഏലിയാവിനെ ഒരുക്കി ജീവിതത്തിലേക്ക് മടക്കി വരുത്തി. ദൈവേഷ്ടം നിറവേറുന്നതിൽ വൈമുഖ്യം നാം കാട്ടിയാൽ അതുമൂലം നാശത്തിലേക്കു പോകുന്നവരുടെ കണക്ക് ദൈവസന്നിധിയിൽ നാം കൊടുത്തേ മതിയാവുകയുള്ളൂ.

ഏലിയാവിനെ ദൈവം ഉയർത്തി. ഒരു വീട്ടിലേക്ക്. അതോടെ ആ വീടിന്റെ നന്മ ഉയർന്നു. കടങ്ങൾ വീട്ടി, മരണത്തിൽ നിന്നും പിന്മാറി, നിറഞ്ഞ സന്തോഷവും കിട്ടി. വിധവ തനിക്കുള്ളത് എല്ലാം ഏലിയാവിനു നൽകിയപ്പോൾ മരണംവരെ ജീവിക്കുവാനുള്ളത് ദൈവം നൽകി. നമുക്ക് ദൈവം നൽകുന്നതിൽനിന്നും എത്ര നാം ദൈവത്തിനു നൽകുന്നു? പാവപ്പെട്ട സഹോദരങ്ങളെ സഹായിക്കുക, സുവിശേഷ വേലക്കാരെ കൈത്താങ്ങുക. രോഗികൾക്ക് ആശ്വാസമേകുക തുടങ്ങിയവയെല്ലാം നാം ദൈവത്തിനു നൽകുന്നതാണ്. അതിന്റെ ഫലം തീർച്ചയായും ദൈവം നമുക്ക് തന്നിരിക്കും. നാം ഭക്ഷണം കഴിച്ച് ബാക്കി പുറത്തു കളയുമ്പോൾ ഭക്ഷണമില്ലാതെ കണ്ണീരിൽ കഴിയുന്ന അനേകർ നമ്മുടെ ചുറ്റുമുണ്ട്. മാതാപിതാക്കളെ അനാഥാലയത്തിലും പെരുവഴിയിലും തള്ളിക്കളയുന്നവർ ഒന്നോർക്കുക, അമ്മയുടെ സ്നേഹത്തിനായി കാത്തിരിക്കുന്ന അനേകർ നമ്മുടെ മുമ്പിലുണ്ട്. എല്ലാം ഉള്ളവനിലൂടെ ദൈവം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുമ്പോൾ അവർ അതിന് താല്പര്യം കാട്ടിയില്ലെങ്കിൽ പാവപ്പെട്ടവനേയും അനാഥനേയും വിധവയേയും ദൈവം തന്റെ മഹത്വത്തിനൊത്ത വണ്ണം ഉയർത്തും. ആർക്കും അത് തടയാനാവില്ല.

**3. വീട്ടിൽ നിന്ന് നാട്ടിലേക്ക്: (2 രാജാ. 2:11)**

പ്രതികൂലത്തിൽ തളർന്നുവെങ്കിലും ദൈവത്തിനായി വളരെ ഓടി, അദ്ധ്വാനിച്ച്, കഷ്ടപ്പെട്ട്, ഒടുവിൽ വിധവയുടെ വീട്ടിൽ നിന്ന് ദൈവം തന്റെ സ്വന്തനാട്ടിലേക്ക് തിരികെ വിളിച്ചു. ഭയത്തോടും വീറോടും ചങ്കൂറ്റത്തോടും കൂടെ രാജസന്നിധിയിൽ പോലും ദൈവത്തിനായി നിലനിന്ന തന്റെ വിശ്വസ്തദാസനെ ദൈവം സ്വർഗ്ഗീയ രഥങ്ങൾ അയച്ച് സ്വീകരിച്ചു.

ഏലിയാവിനെപ്പോലെ താഴ്ചയും ഉയർച്ചയും ഉണ്ടായാലും അതിൽ നിന്നെല്ലാം ദൈവനാമം മഹത്വപ്പെടാനിടയാകണം. ഉയർച്ചകൾ ഏവർക്കും ഇഷ്ടമാണ്. പക്ഷേ താഴ്ച ആർക്കും ഇഷ്ടമാകില്ല. എന്നാൽ താഴ്ചയിലാണ് ഉയർച്ചയ്ക്കായുള്ള വഴികളുമായി ദൈവം അടുത്തെത്തുന്നത്. ദൈവീക ദർശനം വേണമെങ്കിൽ താഴ്ചയിൽ ആകണം. ദാനിയേൽ സിംഹക്കുഴിയിലും 3 എബ്രായ ബാലന്മാർ അഗ്നികുണ്ഡത്തിലും അപ്പൊസ്തലന്മാർ കാരാഗൃഹത്തിലും ആ ദൈവത്തെ ദർശിക്കുവാനിടയായി.

സ്വന്തം നാട്ടിൽ നിന്നും ദൈവീക നാട്ടിലേക്കുള്ള യാത്രയാണ് നമ്മുടേത്. ഇതിനിടയിൽ തോടും വീടും ഒക്കെ ഒരനുഭവം മാത്രമാണ്. താഴ്ചകളിൽ തളർന്നുപോകാതെ ഉയർച്ചയിലേക്ക് ഉയരുവാൻ ദൈവം തക്കസമയത്ത് നമ്മെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിക്കാം. ●

---

## കൺവൻഷൻ, ക്യാമ്പ്

**അട്ടപ്പാടി സിസ്റ്റേഴ്സ കോൺഫറൻസ്**

സ്ഥലം : ഐ.സി.പി.എഫ്. ക്യാമ്പ് സെന്റർ, കാറ്റുവളവ്
തീയതി : 2009 മെയ് 1, 2 (വെള്ളി, ശനി)
തീം : 'വിശ്വാസികൾക്ക് മാതൃകയായിരിക്ക' (1 തിമൊ. 4:12)
ഉദ്ഘാടന പ്രസംഗം : എ. ഏബ്രഹാം, അഗളി
ക്ലാസ്സുകൾ എടുക്കുന്നവർ : തോമസ് മാത്യു, ഗ്രേസ് മാത്യു, ബാബു ജോൺ, ആനി ബാബു.
ഗാന ശുശ്രൂഷ : ഫിലിപ്പ് കെ. ആൻഡ്രൂസ്
പ്രാർത്ഥനയോടെ കടന്നുവരിക. കോൺഫറൻസിനു വേണ്ടി, ഫിലോമിന തോമസ്, മായാ പോൾ, ഗിരിജ ജോസഫ്.

**തൊടുപുഴ :** ക്രിസ്ത്യൻ ബ്രദറൺ സഭയുടെ ചുമതലയിൽ തൊടുപുഴയുടെ അടുത്ത പ്രദേശമായ കരിങ്കുന്നം ഗ്രാമപഞ്ചായത്ത് ടാക്സി സ്റ്റാന്റിൽ വച്ച് സുവിശേഷയോഗം നടത്തപ്പെടുന്നു.
തീയതി : 2009 ഏപ്രിൽ 16, 17, 18
സമയം : 6 പി.എം. - 9 പി.എം. വരെ
പ്രസംഗകർ : പി.എസ്. തമ്പാൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, കെ.ഒ.ജോസ്
ഗാനശുശ്രൂഷ : ദിവ്യശ്രുതി, റാന്നി
ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം എന്ന്, സഭയ്ക്കുവേണ്ടി കെ.ഒ. ജോസ്, പ്രിജു ജോസഫ്.

# അവൻ യാത്ര പുറപ്പെടട്ടെ (2 ദിന. 36:27)

ജോർജ്ജ് ഡി. കടമ്പനാട്

ദൈവം സൃഷ്ടിച്ച മനുഷ്യകുടുംബത്തിൽ മത്സരിയും കൊലയാളിയുമായ ഒരുത്തൻ കയീൻ. ശേമിന്റെ വംശത്തിൽ അവസാനകണ്ണിയായി തേരഹിൽ നിന്നും ദൈവത്തിനു ബോധിച്ച ഒരു പുരുഷൻ ഉണ്ടായി അബ്രാഹാം. തന്നോടും യിസ്ഹാക്കിനോടും യാക്കോബിനോടും വാഗ്ദത്തം ചെയ്ത ദൈവം തനിക്കായിട്ട് ഒരു ജനത്തെ വേർതിരിച്ചു യിസ്രായേൽ. അവർ മത്സരികളായി അവർക്ക് ഒരു രാജാവിനെ വേണമെന്ന് ശഠിച്ചു. അവർ നിരത്തിയ വാദഗതികൾ, ശമുവേലിന്റെ പുത്രന്മാർ അവന്റെ വഴികളിൽ നടക്കാതെ ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി ന്യായം മറിച്ചു വന്നു. സുവിശേഷകന്മാരുടെ മക്കൾ സുവിശേകന്മാരുടെ വഴികളിൽ അതായത് ദൈവവഴികളിൽ നടന്നില്ലെങ്കിൽ ഇങ്ങനെ കേൾക്കേണ്ടി വരുന്നത് ദുഃഖകരമാണ്. രണ്ടാമതായി മറ്റു സകല ജാതികളെയും പോലെ ഞങ്ങളും ആകേണ്ടതിന് ഞങ്ങളുടെ രാജാവ് ഞങ്ങളെ ഭരിക്കയും ഞങ്ങൾക്ക് നായകനായി പുറപ്പെടുകയും ഞങ്ങളുടെ യുദ്ധങ്ങളെ നടത്തുകയും ചെയ്യേണ്ടതിന് ഞങ്ങൾക്ക് ഒരു രാജാവിനെ വാഴിച്ചു തരണമെന്നു പറഞ്ഞു. മനസ്സോടെ അല്ലെങ്കിലും ദൈവം കേട്ടു. അങ്ങനെ 1 ശമു. 10-ാം അദ്ധ്യായം മുതൽ യിസ്രായേലിന്റെ രാജവാഴ്ച തുടങ്ങുകയും 2 ദിന 36-ാം അദ്ധ്യായം വരെ ഏകദേശം 37 രാജാക്കന്മാരുടെ ജീവചരിത്രം 158 അദ്ധ്യായങ്ങളിലായി 4758 വാക്യങ്ങൾ കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു. അന്നത്തെ യിസ്രായേലും ഇന്നത്തെ ദൈവജനമായിട്ട് എന്താ വ്യത്യാസം! സകല ജാതികളെയും പോലെ തങ്ങളും ആകേണ്ടതിന് ആഗ്രഹിക്കയും തത്രപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്തെല്ലാം വാദഗതികൾ, നൂതന ആശയങ്ങൾ നിരത്തിവച്ച് വചനത്തെ വളച്ചൊടിച്ച് ഉപദേശസത്യങ്ങളെ കാറ്റിൽ പറത്തിയിരിക്കുന്നു. ഫലമോ സാത്താൻ ആർത്തട്ടഹസിക്കുന്നു. ദൈവം ദുഃഖിക്കുന്നു. രഹസ്യത്തിൽ കരയുന്നു (യിര. 13:17). മിക്ക രാജാക്കന്മാരും പുരോഹിതന്മാരിൽ പ്രധാനികളായവരൊക്കെയും ജനവും ജാതികളുടെ സകല മ്ലേച്ഛതകളെയും പോലെ വളരെ അകൃത്യം ചെയ്തു. യെരുശലേമിൽ യഹോവ വിശുദ്ധീകരിച്ച അവന്റെ ആലയത്തെ അശുദ്ധമാക്കി. അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയ്ക്ക് തന്റെ ജനത്തോടും തന്റെ നിവാസത്തോടും സഹതാപം തോന്നിയിട്ട് അവൻ ജാഗ്രതയോടെ തന്റെ ദൂതന്മാരെ അവരുടെ അടുക്കൽ അയച്ചു. അവരോ ദൈവത്തിന്റെ ദൂതന്മാരെ പരിഹസിച്ച് അവന്റെ വാക്കുകളെ നിരസിച്ച് ഉപശാന്തിയില്ലാതെയാകും വണ്ണം യഹോവയുടെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിക്കുവോളം അവന്റെ പ്രവാചകന്മാരെ നിന്ദിച്ചു കളഞ്ഞു (2 ദിന. 36:14-16).

മനുഷ്യവർഗ്ഗത്തോട് ഇടപെടുന്നതിന് ദൈവം ഉപയോഗിക്കുന്ന മാധ്യമങ്ങൾ പലതാണ്. മിസ്രയീമ്യരെ 10 ബാധകൊണ്ട് ഇടപെട്ടു. ഉരിയാടാക്കഴുത, ദുരാത്മാവ്, അഗ്നിജ്വാല, ഇടിമിന്നൽ, കൽമഴ വെട്ടുക്കിളി ഇങ്ങനെ പോകുന്നു വേറെ വിധങ്ങൾ. ദൈവത്തിന്റെ മറ്റൊരു പദ്ധതിയാണ് ശത്രുസൈന്യത്തെക്കൊണ്ട് മര്യാദ പഠിപ്പിക്കുന്നത്. ഓ! അതു ഭയങ്കരം തന്നെയാണ്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ വർഷങ്ങളുടെ കണക്കുകൾ സഹിതം കാണുന്നു.

ഇവിടെ ഇതാ കൽദയരുടെ രാജാവിനെയും പടയാളികളെയും ദൈവം ഉപയോഗിക്കുന്നു. യെരുശലേം നശിപ്പിച്ച് ജനത്തെ ബന്ധരാക്കി ബാബേലിലേക്ക് കൊണ്ടുപോയി. 70 വർഷം പ്രവാസികളായി കഴിയുന്ന അവസ്ഥ. കരുണാസമ്പന്നനായ ദൈവം ജനത്തോട് മനസ്സലിവു തോന്നിയിട്ട് യെരുശലേം ദൈവാലയത്തിൽ നിന്ന് എടുത്തുകൊണ്ടുപോയ ഉപകരണങ്ങൾ എല്ലാം മടക്കിക്കൊടുത്തുകൊണ്ടു ജനത്തെ തിരിച്ചയക്കുവാൻ തീരുമാനിക്കുന്നു. ശത്രുക്കളെക്കൊണ്ട് ഉപദ്രവിപ്പിക്ക മാത്രമല്ല സഹായിപ്പാനും മനസ്സലിവുള്ളവനാണ് ദൈവം. കോരേശിന്റെ വാക്കുകൾ ഇവിടെ കുറിക്കട്ടെ. സ്വർഗ്ഗത്തിലെ ദൈവം യെഹൂദ്യായിലെ യെരുശലേമിൽ അവന് ഒരു ആലയം പണിയുവാൻ എന്നോട് കല്പിച്ചിരിക്കുന്നു. നിങ്ങളിൽ അവന്റെ ജനമായിട്ട് ആരെങ്കിലും ഉണ്ടെങ്കിൽ അവന്റെ ദൈവമായ യഹോവ അവനോടുകൂടെ ഇരിക്കുമാറാകട്ടെ. അവസാനത്തെ വാക്ക് അവൻ യാത്ര പുറപ്പെടട്ടെ! ദിഗന്തങ്ങൾ മുഴങ്ങുമാറ് ആ ശബ്ദം മാറ്റൊലി കൊണ്ടു. ഒരു വിടുതലിന്റെ ശബ്ദം!

കർത്താവിന്റെ അന്ത്യ നിയോഗം മത്തായിയും മർക്കോസും രേഖപ്പെടുത്തിയിരിക്കുന്നത് നിങ്ങൾ പുറപ്പെടുക സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്ക. ദൈവത്തിന്റെ ദൂതന്മാർ ആയിരമായിരവും കോടികോടിയുമാകുന്നുവല്ലോ. ഒരു നിമിഷം കൊണ്ട് ലോകം മുഴുവനും സുവിശേഷം അറിയിക്കുവാൻ ദൈവത്തിനു കഴിയും. എന്നാൽ മൺകീടങ്ങളാകുന്ന നമ്മെയാണ് ആ ദൗത്യം ഭരമേല്പിച്ചിരിക്കുന്നത്. വിദേശങ്ങളിലും സ്വദേശങ്ങളിലും ജോലിയിലിരിക്കുന്ന പലരും തങ്ങളുടെ ഭൗമിക ജോലി വിട്ട് രാജാവിന്റെ വേലയിൽ പങ്കാളികളായിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവർ തങ്ങൾക്കു ലഭിക്കുന്ന നന്മയുടെ/ധനത്തിന്റെ നല്ല പങ്കും കർത്താവിന്റെ വേലയ്ക്കു വേണ്ടി കൊടുക്കുന്നു. അക്രൈസ്തവ പശ്ചാത്തലങ്ങളിൽ നിന്നും വന്നവരായ പല യുവസഹോദരന്മാർ ഈ വലിയ വേലയിൽ പങ്കാളികളായിക്കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ പല ഭാഗത്തും എതിർപ്പുകളുടെ മദ്ധ്യത്തിലും വേല ചെയ്യുന്നവരെ ഓർത്തു നമുക്ക് പ്രാർത്ഥിക്കാം. ഒരു പുറജാതി രാജാവിന്റെ ശബ്ദം: അവൻ യാത്ര പുറപ്പെടട്ടെ ●

# വിശ്വാസികൾ വ്യവഹാരങ്ങളിൽ കോടതിയെ സമീപിക്കാമോ?

ജോർജ്ജ് സി. വറുഗീസ്, തിരുവനന്തപുരം

ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ (മത്തായി 5:48).

മേൽ ഉദ്ധരിച്ച വാക്യത്തിൽ നമ്മുടെ നടത്തയെ സംബന്ധിച്ചുള്ള പ്രമാണമാണ് പ്രമേയം. മത്തായി 5:45ൽ നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായിത്തീരേണ്ടതിന് തന്നെ, അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും .... മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ എന്ന് വായിക്കുന്നു. അതിനാൽ എല്ലാവരോടും വിശിഷ്യാ നമ്മെ ഉപദ്രവിക്കുന്നവരോട്, നമ്മോടു ശത്രുത്വം പുലർത്തുന്നവരോടുപോലും നാം കൃപയുടെ പ്രമാണത്തിൽ വർത്തിക്കണം എന്നാണ്. തന്റെ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുവാനോ അവയ്ക്കുവേണ്ടി വാദിപ്പാനോ കോടതി കയറുന്ന ഒരു വിശ്വാസി തീർച്ചയായും മുകളിലത്തെ വാക്യത്തിൽ വായിച്ചതുപോലെ തന്റെ പിതാവിനെപ്പോലെ പൂർണ്ണനല്ല. അവന്റെ പിതാവ് കൃപയിൽ വ്യവഹരിക്കുമ്പോൾ  അവൻ വ്യവഹരിക്കുന്നത് നീതിയിലാണ് എന്നതു തന്നെ അതിനു കാരണം.

വിശ്വാസികൾ തമ്മിൽ തമ്മിലോ ലോകമയരുമായുള്ള വ്യവഹാരങ്ങളിലോ കോടതിയെ സമീപിക്കുന്നത് ശരിയോ തെറ്റോ എന്ന കാര്യമല്ല ഇവിടെ വിഷയം. അങ്ങനെ ചെയ്യുന്ന വിശ്വാസി സ്വർഗ്ഗസ്ഥ പിതാവിന്റെ സ്വഭാവത്തിന് കടകവിരുദ്ധമായ ഒരു സ്വഭാവത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ചൂണ്ടിക്കാണിക്കുകയത്രേ ഇവിടെ ചെയ്യുന്നത്. കാരണം പിതാവ് ലോകത്തിനെതിരായി നിയമയുദ്ധം ചെയ്യുന്നില്ല എന്നതുതന്നെ. ഇപ്പോൾ അവൻ ന്യായാസനത്തിലല്ല കൃപാസനത്തിലാണ് ഉപവിഷ്ടനായിരിക്കുന്നത്. താൻ നിയമാനുസരണം വർത്തിക്കുന്നുവെങ്കിൽ നരകം മാത്രം അവകാശമായിരിക്കേണ്ടവരുടെ മേലും അവൻ സിംഹാസനത്തിൽ നിന്നും അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടേയിരിക്കയാണ്. ന്യായാസനത്തിനു മുൻപിലേക്ക് ഒരുവനെ കൊണ്ടുപോകുന്ന വിശ്വാസി പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണനായിരിക്കുന്നില്ല.

കൃപയുടെ യഥാർത്ഥ സ്വഭാവം അതിന്റെ ഫലം എന്നിവയെപ്പറ്റിയുള്ള അജ്ഞതയാൽ തന്റെ അവകാശങ്ങളെ സമർത്ഥിക്കുന്ന ഒരുവനെയാണ് മത്തായി 18 ലെ ഉപമയുടെ കടശ്ശി ഭാഗത്ത് നാം കാണുന്നത്. അവന്റെ കടക്കാരനോട് അവൻ നീതി പ്രവർത്തിച്ചില്ല. പക്ഷേ അവന്റെ പ്രവൃത്തി കരുണയറ്റതായിരുന്നു. അവന്റെ യജമാനനിൽ നിന്നും തീർത്തും വ്യത്യസ്തനായിരുന്നു അവൻ. അവന്റെ 10000 താലന്തിന്റെ കടം മുഴുവനും അവന്റെ യജമാനൻ ഇളച്ചു കൊടുത്തു. എന്നാൽ വെറും 100 വെള്ളിക്കാശു മാത്രം കടംപെട്ടിരുന്ന അവന്റെ സഹദാസനെ അവൻ അതിന്റെ പേരിൽ തൊണ്ടയ്ക്ക് പിടിച്ച് ഞെക്കി. ഫലമോ കൃപ കാണിപ്പാൻ അവന് മനസ്സില്ലാതെ പോയതു നിമിത്തം അവൻ താൻതന്നെ കരുണാപാത്രമായിരിക്കെ അവന്റെ അവകാശം സ്ഥാപിക്കാൻ സഹപ്രവർത്തകനോട് നിഷ്കരുണം ഏർപ്പെട്ടതിന്റെ തിക്തഫലം അനുഭവിക്കേണ്ടതിന് യജമാനൻ അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏല്പിച്ചു കൊടുത്തു. തന്നെയുമല്ല ദുഷ്ടദാസൻ എന്ന അവമതിയും അവന്റെ മേൽ വീണു. 10000 താലന്ത് കടപ്പെട്ടവനായിരുന്നതുകൊണ്ടല്ല, നൂറ് വെള്ളിക്കാശ് ഇളച്ചുകൊടുക്കുവാൻ തക്കഹൃദയമില്ലാതെ പോയതുകൊണ്ടാണ് ദുഷ്ടദാസൻ എന്ന പേരിന് അവൻ അർഹനായത്. 10000 താലന്തിന്റെ കടക്കാരനോട് ഇടപെടുവാൻ തക്കവണ്ണം വേണ്ടുവോളം (കൃപ) കരുണ യജമാനനുണ്ടായിരുന്നു. പക്ഷേ നൂറ് വെള്ളിക്കാശ് ഇളച്ചുകൊടുക്കുവാൻ മനസ്സില്ലാത്തവനോട് കാട്ടുവാൻ അവന്റെ പക്കൽ ലേശംപോലും കരുണയുണ്ടായിരുന്നില്ല. അവകാശസ്ഥാപനത്തിനുവേണ്ടി കോടതികൾ കയറിയിറങ്ങുന്ന വിശ്വാസികൾക്ക് വളരെ ഗുരുതരമായ താക്കീത് ഈ ഉപമയിലുണ്ട്. പ്രായോഗിക തലത്തിൽ ഈ ഉപമയോട് ബന്ധപ്പെടുത്തി “നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും എന്ന് പറഞ്ഞിരിക്കുന്നുവെന്നിരിക്കിലും നീതിക്കുവേണ്ടി കടുംപിടിത്തം നിമിത്തം കരുണകാണിപ്പാൻ മനസ്സില്ലാതെ കോടതി കയറി ഇറങ്ങുന്ന ഒരുവന് കരുണ എന്ന വികാരം തന്നെയും നഷ്ടമായിപ്പോകും എന്ന പൊതു പ്രാധാന്യമുള്ള ഒരു പ്രമാണമാണത് എന്നതാണ് അതിനു കാരണം.

സഭയിലും സമൂഹത്തിലും കരുണയില്ലാതെ പ്രവർത്തിക്കുന്ന സഹോദരങ്ങൾ ഒരു കാര്യം ഓർത്തു കൊള്ളുക. അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ട് കർത്തൃദാസന്മാരോടും സഹവിശ്വാസികളോടും അങ്ങനെ തന്നെ പെരുമാറുകയും ഭീഷണി വാക്ക് ഒഴിവാക്കുകയും ചെയ്യീൻ (എഫെ. 6:9). അതിവിദൂരഭാവിയിൽ അവൻ നമ്മുടെ ഓരോരുത്തരുടെയും കാര്യവിചാരകത്തിന്റെ കണക്ക് പരിശോധിപ്പാൻ പോകുന്നു. ഇതാ ഞാൻ വേഗം വരുന്നു. ഓരോരു

ത്തന് അവനനവന്റെ പ്രവർത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളി. 22:12). ദൈവം നല്ലതും തീയതുമായ സകല പ്രവർത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ (സഭാ. 14:14). അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി. 5:10).

ഉല്പത്തി പുസ്തകത്തിൽ നിന്നും നാം യോസഫിന്റെ ജീവിതം പരിശോധിച്ചാൽ നമ്മെ ഉപദ്രവിക്കുന്നവരോട് പ്രായോഗിക തലത്തിൽ എങ്ങനെ ക്ഷമിക്കാൻ കഴിയും എന്ന കാര്യം നമുക്ക് പഠിക്കാൻ കഴിയും. ദേശത്തെല്ലാം ക്ഷാമം ഉണ്ടായപ്പോൾ സഹോദരന്മാർ എല്ലാവരും യോസഫിന്റെ അടുക്കൽ വന്നു. ആരാണ് ഈ സഹോദരന്മാർ? സ്നേഹിക്കുന്ന സഹോദരന്മാരല്ല, ക്രൂതര കാട്ടിയവർ. അവർ സ്നേഹിതരല്ല, ശത്രുക്കളാണ്. ശത്രുക്കളായ സഹോദരന്മാരെ ദൈവം യോസഫിന്റെ കയ്യിൽ ഏല്പിച്ചു. 'എന്റെ ജീവിതത്തിൽ അതു നടന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു' എന്ന് നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടില്ലേ? കാരണം ഓഫീസിലും ബിസിനസ്സിലും മറ്റുജീവിത രംഗങ്ങളിലും നമുക്ക് പ്രയാസമുള്ളവനെക്കുറിച്ച് അവനെ എന്റെ കയ്യിൽ കിട്ടിയിരുന്നുവെങ്കിൽ എന്ന് നാം ചിന്തിക്കാൻ സാദ്ധ്യതയുണ്ട്. "ഒരുവന്റെ വഴിയിൽ യഹോവയ്ക്ക് പ്രസാദം തോന്നിയാൽ അവന്റെ ശത്രുക്കളെപ്പോലും അവനോട് നിരപ്പാക്കുന്നു" (സദൃ. 16:7). ശത്രുക്കളെ ഏല്പിക്കുന്നതിനു മുൻപ് ഒരുവന്റെ വഴിയിൽ യഹോവയ്ക്ക് പ്രസാദം തോന്നണം. ശത്രുക്കളായ ഈ സഹോദരന്മാരെ യോസഫ് നശിപ്പിക്കയില്ല എന്ന് ദൈവത്തിന് ഉറപ്പുണ്ടായിരുന്നതിനാലാണ് യോസഫിന്റെ കയ്യിൽ അവരെ ഏല്പിച്ചത്. യോസഫ് അവരെ തകർക്കുകയല്ലായിരുന്നു. പിന്നെയോ എല്ലാവരെയും സംരക്ഷിച്ചു. നമ്മുടെ സഹോദരങ്ങളോട് നമ്മുടെ മനോഭാവമെന്താണ്? ക്ഷമിച്ചു എന്നതാണോ? ഹൃദ്യമായി മുഖത്തോടു മുഖം നോക്കി ഒന്നു സംസാരിക്കാനെങ്കിലും, പുഞ്ചിരിക്കാനെങ്കിലും സാധിക്കുമോ? അയൽക്കാരായി താമസിക്കുന്നുവെങ്കിലും ഹൃദ്യമായി സംസാരിച്ചിട്ടും എത്ര വർഷമായി. കർത്താവിന്റെ വേല ചെയ്യണമെങ്കിൽ കർത്താവിന്റെ സ്വഭാവം വേണം. കർത്താവിന്റെ സ്വഭാവത്തോടെ ജീവിച്ചാൽ വേല നടന്നിരിക്കും. എന്താണ് കർത്താവിന്റെ സ്വഭാവം? ക്ഷമിക്കുക എന്നതാണ് അവന്റെ സ്വഭാവം. യോസഫ് യേശുകർത്താവിനെപ്പോലെയായി കർത്താവിന്റെ വേല ചെയ്തു. യോസഫ് ക്ഷമിച്ചു എന്നതിന് ചില തെളിവുകൾ ചൂണ്ടിക്കാണിക്കട്ടെ. നാം എത്ര ക്ഷമിച്ചാലും എപ്പോഴെങ്കിലും അതോർക്കും. എന്നിട്ട് ന്യായം പറയുന്നതോ ഒരു 'വ്രണം' കരിഞ്ഞാലും അതിന്റെ 'പാട്' അവിടെ ഉണ്ടാകും എന്ന്. പ്രിയ സഹോദരങ്ങളേ ഇതൊന്നും ദൈവം അംഗീകരിക്കുന്ന ന്യായങ്ങളല്ല.

ഉല്പത്തി 45:1 "അപ്പോൾ ചുറ്റും നിൽക്കുന്നവരുടെ മുമ്പിൽ തന്നെത്താൻ അടക്കുവാൻ വഹിയാതെ എല്ലാവരേയും എന്റെ അടുക്കൽ നിന്ന് പുറത്താക്കുവീൻ എന്ന് യോസഫ് വിളിച്ചു പറഞ്ഞു. ഇങ്ങനെ യോസഫ് തന്റെ സഹോദരന്മാർക്ക് വെളിപ്പെടുത്തിയപ്പോൾ ആരും അടുക്കൽ ഉണ്ടായിരുന്നില്ല" വളരെ ഹൃദയ നുറുക്കത്തോടുകൂടി മാത്രമേ എനിക്ക് ഈ രംഗം വായിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. യോസഫിന് ഒരാഗ്രഹം ഉണ്ടായിരുന്നു. ഞാൻ യോസഫ് ആണെന്ന് സഹോദരന്മാരോടു പറയുമ്പോൾ ആരും അവിടെ കാണരുത്. കാരണം പഴയ കഥയൊക്കെ എല്ലാവരും ആ സമയത്ത് അറിയും. വീട്ടിൽ വെച്ചുപദ്രവിച്ചതും പൊട്ടക്കിണറ്റിൽ ഇട്ടതും യിസ്മായേല്യർക്ക് വിറ്റതും ഒക്കെ മറ്റുള്ളവർ കേൾക്കേണ്ടതല്ല. മറ്റുള്ളവർ നമ്മോട് ചെയ്ത തെറ്റ് ആരെങ്കിലുമൊക്കെ അറിയണം എന്നുള്ള ആശ പോകുമ്പോൾ നാം വാസ്തവമായും ക്ഷമിച്ചു എന്നാണർത്ഥം. എങ്ങനെയെങ്കിലും കുറച്ചു പേർ അറിയണം. എന്റെ ദുഃഖം എന്നെ വേദനിപ്പിച്ചത് അവരൊന്നറിയണം എന്നാണ് നമ്മുടെ മനോഭാവം ഒന്നും പറ്റിയില്ലെങ്കിൽ പ്രാർത്ഥനയിൽക്കൂടെയെങ്കിലും അതൊന്ന് അറിയിക്കാൻ ശ്രമിക്കും. എന്നാൽ യോസഫിന് തന്റെ സഹോദരന്മാരുടെ അന്തസ്സ് കാത്തുപരിപാലിക്കണമെന്ന ആഗ്രഹമുണ്ട്. എന്നാൽ നമുക്കങ്ങനെയാണോ? യേശുകർത്താവിന്റെ സ്വഭാവം ക്ഷമിക്കുക എന്നുള്ളതാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ നാം തോൽക്കുന്നില്ലയോ? ഒരു സ്വയപരിശോധനയ്ക്ക് വിധേയരാക്കിയിരുന്നുവെങ്കിൽ.

45:4 "യോസഫ് സഹോദരന്മാരോട് ഇങ്ങോട്ട് അടുത്തുവരുവീൻ" എന്നു പറഞ്ഞ് യോസഫ് തന്നെത്തന്നെ വെളിപ്പെടുത്തിയപ്പോൾ സഹോദരന്മാരുടെ ഭയം നമുക്ക് ഭാവനയിൽ കാണാവുന്നതേയുള്ളൂ. ശത്രുക്കളെ കണ്ടാൽ തണുപ്പിക്കുവാനാണോ അതോ അവർക്ക് അസുഖകരമായത് കൊടുക്കുവാനാണോ നമുക്ക് താല്പര്യം. 'അവനെ ഞാനൊന്ന് കരയിപ്പിക്കട്ടെ, വിഷമിക്കട്ടെ, ഞരങ്ങട്ടെ. ഇതല്ലേ നമ്മുടെ ഭാവം. അവന്റെ ഉള്ളം തകർത്തിട്ടേ നാം വിടുകയുള്ളൂ. എങ്ങനെയാണ് ക്ഷമിക്കുന്നത്? "സഹോദരന്മാരേ നിങ്ങൾ ഒട്ടും പേടിക്കേണ്ട നിങ്ങൾ ഒന്ന് അടുത്തു വന്നാട്ടെ.

ഞാൻ നിങ്ങളെ ഒന്ന് ആലിംഗനം ചെയ്യട്ടെ. ഇങ്ങനെയാണ് ക്ഷമിക്കുന്നത്. "യേശുവേപ്പോലെ ആകുവാൻ യേശുവിൻ വാക്കുകാക്കുവാൻ യേശുവേ നോക്കി ജീവിപ്പാൻ ഇവയെ കാംക്ഷിക്കുന്നു ഞാൻ" "യേശുവേ നിന്റെ രൂപമീയെന്റെ കണ്ണുകൾക്കെത്ര സൗന്ദര്യം, ശിഷ്യനാകുന്ന എന്നെയും നിന്നെപ്പോലെയാക്കണം മുഴുവൻ. "പ്രിയ സഹോദരങ്ങളേ, നാം ആയിരിക്കുന്ന ഇടങ്ങളിൽ യേശുക്രിസ്തുവിന്റെ സ്വഭാവം പ്രതിഫലിപ്പിച്ചുകൊണ്ട് യേശുക്രിസ്തുവിനേപ്പോലെ ജീവിച്ചാൽ നമ്മുടെ ശുശ്രൂഷയ്ക്ക് സ്വാധീനമുണ്ടാകും. 45:26-ാം വാക്യത്തിൽ സഹോദരന്മാർ മടങ്ങിപ്പോകുമ്പോൾ അപ്പനോടും പറയാനുള്ള ഒരു കാര്യം യോസഫ് പറഞ്ഞുവിടുകയാണ്. "യോസഫ് ജീവനോടിരിക്കുന്നു" എന്ന് അപ്പനോട് പറയണം. അവിടെച്ചെന്ന് തന്നോട് ചെയ്തതെല്ലാം പറയണമെന്ന് പറഞ്ഞില്ല. ഈ സഹോദരന്മാർക്ക് ഏറ്റവും പ്രയാസം മിസ്രയീമ്യർ അറിയുന്നു എന്നുള്ളതല്ല, അപ്പൻ അറിയുന്നതാണ്. യോസഫ് അപ്പന്റെ മുമ്പിൽ ഇതൊന്നും വെളിപ്പെടുത്തിയില്ല. തികഞ്ഞ സ്നേഹം പാപത്തിന്റെ ബഹുത്വത്തെ മറക്കും" സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു . . . ദേഷ്യപ്പെടുന്നില്ല, എല്ലാം പൊറുക്കുന്നു . . . എല്ലാം സഹിക്കുന്നു" (1 കൊരി. 13:4-8). ഈ സ്നേഹം നമ്മിൽ ഉണ്ടോ എന്നുള്ളതിന് ഒരു പരീക്ഷണം. മറ്റുള്ളവരുടെ കുറവുകൾ ലോകത്തിന്റെ മുമ്പിൽ പരസ്യപ്പെടുത്തുകയാണോ, അതോ അവരുടെ ജീവിതത്തെ നമ്മുടെ സ്നേഹം കൊണ്ട് പൊതിയുകയാണോ? യോസഫ് തന്റെ സ്നേഹംകൊണ്ട് ഈ സഹോദരന്മാരെയെല്ലാം പൊതിഞ്ഞു. അപ്പന്റെ വീട്ടിൽ ചെല്ലുമ്പോൾ മകൻ ജീവനോടിരിക്കുന്നു എന്നു പറയണം. അത്രമാത്രം.

ഒറീസ്സയിൽ ഗ്രഹം സ്റ്റെയിൽസും 2 മക്കളും സുവിശേഷവിരോധികളുടെ കയ്യാൽ ചില വർഷങ്ങൾക്ക് മുൻപ് ചുട്ടുകൊല്ലപ്പെട്ടത് എല്ലാവർക്കും അറിവുള്ളതാണല്ലോ. തന്റെ സ്നേഹമുള്ള ഭാര്യയും മക്കളും ഈ വാർത്ത കേട്ടു. "ഗ്ലാഡിസ് സ്റ്റെയിൽസ് നിങ്ങൾ എന്തു പറയുന്നു" എന്ന മാദ്ധ്യമപ്രവർത്തകരുടെ ചോദ്യത്തിന് അവർ പറഞ്ഞ മറുപടി ഏറെ ശ്രദ്ധേയമാണ്. "ഞാൻ ഞെട്ടിപ്പോയി, എങ്കിലും എനിക്ക് കൈപ്പില്ല." യേശുവേപ്പോലെയായ ഒരു കർത്തൃദാസി. 2000 വർഷങ്ങളായി സുവിശേഷകരും സംഘടനകളും ചെയ്ത ശുശ്രൂഷകളെല്ലാം ദൈവത്തിന്റെ വിലയേറിയ ദാസി ഈ ഭാരതമണ്ണിൽ നിർവ്വഹിച്ചെടുത്തത് ലോകം മുഴുവൻ കേട്ടു.

അപ്പൊ. പ്രവൃ. 7 ൽ നാം കാണുന്നത്, കർത്താവായ യേശുക്രിസ്തു ക്രൂശിന്മേൽ കാണിച്ച സ്നേഹത്തിന്റെ പ്രകടമായ ദൃഷ്ടാന്തമായി സ്തേഫാനോസിന്റെ മരണമാണ് (7:56-60). തന്നെ കല്ലെറിഞ്ഞവർക്കു വേണ്ടി, തന്നെ ഉപദ്രവിച്ചവർക്കു വേണ്ടി കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ട് അവൻ പ്രാണനെ വിട്ടു. "അവനോ മുട്ടുകുത്തി, കർത്താവേ അവർക്ക് ഈ പാപം നിറുത്തരുതേ എന്നുച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ട് അവൻ നിദ്ര പ്രാപിച്ചു (7:60).

ഇതു കണ്ടുകൊണ്ട് ഒരു ചെറുപ്പക്കാരൻ അവിടെ ഇരിപ്പുണ്ടായിരുന്നു. അവന്റെ പേരാണ് ശൗൽ. അവൻ ചിന്തിച്ചു. ഇങ്ങനെയുണ്ടോ ഒരു സംസാരം? ഒരു ക്ഷമ? ഒരു സ്നേഹം? ഇതാർക്കു സാധിക്കും? അവനാണ് പിൽക്കാലത്ത് പൗലോസായി മാറിയ അനുഗ്രഹീതനായ അപ്പൊസ്തലൻ. മറ്റുള്ളവർ നമ്മുടെ ജീവിതങ്ങളെക്കണ്ട് സാക്ഷാൽ നമ്മെ വായിക്കുന്ന പത്രങ്ങളായി നല്ല സാക്ഷ്യം പുലർത്തിക്കൊണ്ട് അന്യോന്യം ക്ഷമിക്കുന്നവരായി ജീവിക്കുവാൻ ദൈവമായ കർത്താവ് ഏവരേയും സഹായിക്കട്ടെ. "മരണം വരെ എനിക്ക് തരണം നൽ വിശ്വസ്തത, ശരണം അപ്പോൾ അടിയനിതാ നിൻ മാർവ്വിടത്തിൽ" ആമേൻ. ●

## സ്റ്റീവാർഡ് ഹൗസ് ഉദ്ഘാടനം

**കുമ്പനാട് –** S.A.I. കേരളാ ഘടകത്തിനായി പുതുതായി പണികഴിപ്പിച്ച സ്റ്റീവാർഡ് ഹൗസ് ഫെബ്രു. 23 ന് എസ്.എ.ഐ. ചെയർമാൻ ബ്ര. ആർ.പി. ശമുവേൽ, ഡൽഹി ഉദ്ഘാടനം ചെയ്തു. കേരളാ കമ്മറ്റി ചെയർമാൻ ബ്ര. കെ.പി. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. തന്റെ പ്രസംഗത്തിൽ ബ്രദറൺ സഭയുടെ വസ്തുക്കൾ ശരിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി ബ്ര. തോമസ് രാജൻ എസ്.എ.ഐ.യുടെ പൂർവ്വകാല ചരിത്രം, പ്രവർത്തനങ്ങൾ എന്നിവ വിശദീകരിച്ചു. പരേതനായ പി.വി. വർഗ്ഗീസിന്റെയും ഇപ്പോൾ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബ്ര.വി. കുര്യാക്കോസിന്റെയും സേവനങ്ങളെയും ജന. സെക്രട്ടറി ശ്ലാഘിച്ചു. ഉദ്ഘാടകൻ ബ്ര. ആർ.പി. ശമുവേൽ തന്റെ പ്രസംഗത്തിൽ കുമ്പനാട് ഉദ്ഘാടനം ചെയ്യപ്പെട്ട സ്റ്റീവാർഡ് ഹൗസ് എസ്.എ.ഐയുടെ ഒന്നാമത്തെ മേഖലാ ആഫീസാണെന്ന് പ്രസ്താവിച്ചു. ഡോ. ഒ.എം. ശമുവേൽ, വി. കുര്യാക്കോസ്, വി.കെ മാത്യു, പി.എം. ചാക്കോ, സി.വി. ശമുവേൽ, റ്റി.എം. ജോർജ്ജ്, ബ്രിഗേ. റ്റി. വർഗ്ഗീസ്, എം.റ്റി. ജോർജ്ജ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. എസ്.എ.ഐ. കേരളാ ഘടകം സെക്രട്ടറി ബ്ര. പി.പി. മാത്യു, സ്വാഗതവും പ്രൊഫ. ജേക്കബ് തോമസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. ബ്ര. കെ.വി. ജോർജ്ജിന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച സമ്മേളനം കെ. പോൾ തോമസ്, കെ.പി. ജോർജ്ജ് എന്നിവരുടെ പ്രാർത്ഥനയോടുകൂടി അവസാനിച്ചു. സെക്രട്ടറി

# മൂല്യച്യുതി ധനം മൂലം

ടി. ജെ. ജാക്സൺ, വരാക്കര

കലാസാഹിത്യം, വിദ്യാഭ്യാസം, രാഷ്ട്രീയം തുടങ്ങിയ മണ്ഡലങ്ങളിലെല്ലാം വളരെയധികം മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് ഇന്ന് കണ്ടുവരുന്നത്. സങ്കടകരമായ ഈ അവസ്ഥയ്ക്ക് കാരണം ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ അവരുടെ മേഖലകളിൽ പിടിച്ചുകൊള്ളേണ്ട മൂല്യങ്ങൾക്ക് വലിയ പ്രാധാന്യം കല്പിക്കുന്നില്ല എന്നതു തന്നെയാണ്. മനുഷ്യരിൽ പൊതുവേ പണമുണ്ടാക്കാനുള്ള അമിത ആർത്തിയും തന്നിമിത്തം ചെയ്യുന്നതിലെല്ലാം കേവലം പണമുണ്ടാക്കാനുള്ള പ്രവണതയും വർദ്ധിച്ചു വരുന്നു. തൽഫലമായി ചെയ്യുന്ന കാര്യങ്ങളോടുള്ള ആത്മാർത്ഥത നഷ്ടപ്പെട്ടിരിക്കുന്നു. ചെയ്യുന്ന കാര്യങ്ങൾ ഭംഗിയാക്കാൻ എന്തു ത്യാഗവും സഹിക്കുവാനും രാപ്പകൽ വിശ്രമം കൂടാതെ അദ്ധ്വാനിക്കുവാനും തയ്യാറായിരുന്ന കലാകാരന്മാർ ഒരു കാലത്ത് ഉണ്ടായിരുന്നു. എന്നാൽ ഇന്നത്തെ കലാകാരന്മാർ എളുപ്പത്തിൽ പണവും പ്രശസ്തിയും ഉണ്ടാക്കാനുള്ള കുറുക്കുവഴികൾ അന്വേഷിക്കുന്നു. മിക്കവാറും എല്ലാരംഗങ്ങളിലും ഈ സ്ഥിതി വിശേഷമാണ് പ്രകടമായിരിക്കുന്നത്.

പൊതുവെ ലോകത്തിൽ കണ്ടുവരുന്ന മൂല്യനഷ്ടത്തെപ്പറ്റിയാണ് മുകളിൽ പറഞ്ഞത്. എന്നാൽ ക്രൈസ്തവ ഗോളത്തിലും ഇതേ സ്ഥിതിയാണ് കാണുന്നത് എന്നു പറഞ്ഞാൽ ആരാണ് നിഷേധിക്കുക? പ്രത്യേകിച്ച് ദൈവവചന മൂല്യങ്ങൾക്ക് വേണ്ടി കനത്ത വില നൽകാൻ തയ്യാറായ 'പാരമ്പര്യം' ഉള്ള വേർപാടുകാരുടെ ഇടയിലും ഈ മൂല്യച്യുതി കടന്നുകൂടിയിരിക്കുന്നു എന്നത് ദുഃഖകരവും ലജ്ജാവഹവുമല്ലേ. അതേ എന്നാണ് ഉത്തരമെങ്കിൽ, ആരാണ് ഈ അവസ്ഥയ്ക്ക് ഉത്തരവാദി? എന്താണിതിനു കാരണം? ഈ അവസ്ഥയിൽ നിന്ന് ഒരു മാറ്റമുണ്ടാകേണ്ടേ? അതിന് എന്തു ചെയ്യാൻ കഴിയും? എന്നീ ചോദ്യങ്ങൾ കേട്ടില്ലെന്നു നടിക്കാൻ നമുക്ക് കഴിയില്ല.

ഉത്തരവാദിത്തം ഏറ്റെടുക്കാൻ മറ്റാരെയും പ്രതീക്ഷിക്കേണ്ടതില്ല. അത് നാം തന്നെയാണ് ചെയ്യേണ്ടത്. എങ്കിൽപ്പിന്നെ കാരണങ്ങളിലേക്ക് കടക്കാം. മറ്റ് മേഖലകളിലെപ്പോലെ തന്നെ ആത്മീയ ഗോളത്തിലെയും മൂല്യച്യുതിക്കും പ്രധാന കാരണം സൈമൺസാറിന്റെ ഭാഷയിൽ പറഞ്ഞാൽ 'കാമതസ്ക്കരൻ' (ആഗ്രഹം എന്ന മോഷ്ടാവ്) തന്നെയാണ്. സകലവിധ ദോഷത്തിനും മൂലമായ ധനമോഹം നമ്മുടെ ഇടയിലും വർദ്ധിച്ചുവരുന്നു. അതു നിമിത്തം കർത്താവിനും വേദപുസ്തക മൂല്യങ്ങൾക്കും പ്രാധാന്യം പരമാവധി കുറച്ച് ആത്മാർത്ഥത മുഴുവൻ ധനസമ്പാദനത്തിലർപ്പിക്കുന്ന ഭൂരിപക്ഷം നമ്മുടെ ഇടയിൽ ഉണ്ട്. "...വേല ചെയ്ത് അഹോവൃത്തി കഴിക്കേണം...." എന്ന് ആജ്ഞാപിച്ചിട്ടുള്ള (2 തെസ്സ. 3:12) വേദപുസ്തകം തന്നെ "ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്" എന്നും കല്പിച്ചിരിക്കുന്നു (മത്തായി 6:19). എന്നാൽ "ഭാവിക്കുവേണ്ടി സ്വന്തമായി സുരക്ഷിതമായ" ഒരു വൻ നിക്ഷേപമില്ലാത്ത ജീവിതം ആധുനിക ബ്രദ്റൺകാരന് സങ്കല്പിക്കാനാവില്ല. "ബാങ്കുകൾ, ചിട്ടികൾ, കമ്പനികൾ....." എന്നു തുടങ്ങുന്ന മഹാകവിയുടെ വരികളോട് ചിലർക്കുള്ള അമർഷത്തിനു കാരണവും മറ്റൊന്നല്ല. കവിയെ വിമർശിക്കാം. ദൈവവചനത്തെ വിമർശിച്ചാൽ മറ്റുള്ളവർ എന്തു കരുതും എന്ന് ഭയക്കുന്നതുകൊണ്ടാകാം ഇക്കൂട്ടർ അതിനു തുനിയാത്തത്. ഏതായാലും ധനസമ്പാദന വ്യഗ്രതയിൽ ദൈവവചനം നാം മറക്കുന്നു എന്നത് നമ്മെ സംബന്ധിച്ച് (എല്ലാവരുമില്ല) ഒരു നഗ്നസത്യമാണ്.

പണം സമ്പാദിക്കുവാനുള്ള ഒരു വ്യഗ്രത മാത്രമല്ല, ഏറെ സമ്പാദിച്ചു കഴിയുമ്പോൾ ഉണ്ടാകുന്ന "ഞാൻ സാമ്പത്തികമായി സുരക്ഷിതനാണെന്ന" (മിത്ഥ്യാ)ബോധവും മൂല്യച്യുതിക്ക് ഒരു പ്രധാന കാരണം തന്നെയാണ്. ശീതോഷ്ണവാനെന്ന് കർത്താവ് വിളിച്ച ലവൊദിക്യ സഭയുടെ ആ അവസ്ഥയ്ക്ക് ഒരു കാരണം ധനവാനാണെന്ന മിത്ഥ്യാബോധം ആ സഭയെ ഭരിച്ചിരുന്നു എന്നതാണ് (വെളി. 3:17). ധനം സമ്പാദിക്കാൻ വെമ്പുന്നവന്റെ ആത്മാർത്ഥതയാണ് നഷ്ടപ്പെടുന്നതെങ്കിൽ സമ്പാദിച്ചു കഴിഞ്ഞാൽ ദൈവത്തിലുള്ള അവന്റെ ആശ്രയം ആണ് നഷ്ടപ്പെടുന്നത്. ഭാവിയിൽ ദൈവം തന്നെ കൈവിട്ടാലും ആ അവസ്ഥയിൽ ആശ്രയിക്കാനുള്ള ഒരു സങ്കേതമായി സ്വന്തനിക്ഷേപത്തെ ചിലർ കാണുന്നുണ്ട് എന്ന് പറഞ്ഞാൽ അതിൽ അല്പവും അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല.

യിരെമ്യാ പ്രവാചകൻ മുഖേന യഹോവ യെരുശലേമിനോട് പറയുന്നത് ശ്രദ്ധിക്കുക. "മരുഭൂമിയിൽ വിതയ്ക്കാത്ത ദേശത്തു തന്നെ നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യവ്വനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു" (യിരെ. 2:2). മരുഭൂമിയിൽ വിതയ്ക്കാത്ത ദേശത്ത് എന്നു വെച്ചാൽ ദൈവമൊഴികെ മറ്റൊന്നും ആശ്രയിക്കാനില്ലാത്ത അവസ്ഥയിൽ ദൈവജനം ദൈവത്തെ സ്നേഹിച്ചു.

എന്നാൽ യഹോവ പറയുന്നു. "ഞാൻ നിങ്ങളെ ഫലവത്തായൊരു ദേശത്ത് അതിന്റെ ഫലവും ഗുണവും അനുഭവിപ്പാൻ കൂട്ടിക്കൊണ്ടു വന്നു; അവിടെ എത്തിയ ശേഷം നിങ്ങൾ എന്റെ ദേശത്തെ അശുദ്ധമാക്കി. എന്റെ അവകാശത്തെ അറപ്പാക്കിക്കളഞ്ഞു... എന്റെ ജനം തന്റെ മഹത്വമായവനെ പ്രയോജനമില്ലാത്തതിന് പകരം മാറ്റിക്കളഞ്ഞിരിക്കുന്നു.... അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെത്തന്നെ കുഴിച്ചിരിക്കുന്നു" (യിരെ. 2:7-13).

ഭൗതീകമായ അനുഗ്രഹം ദൈവത്തിൽ നിന്ന് ലഭിച്ചപ്പോൾ അവരുടെ ആശ്രയം ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളിലേക്ക് മാറി. അനുഗ്രഹങ്ങളുടെ ദാതാവിനെ അവർ മറന്നു. വിതയ്ക്കാത്ത ദേശത്ത് യഹോവയെ സ്നേഹിച്ച് പിൻഗമിച്ച് ആശ്രയിച്ച് ജീവിച്ചത് അവർ മറന്നു. ഇന്ന് അവർക്ക് ആശ്രയിക്കാൻ മറ്റനേക കാര്യങ്ങളുണ്ട്. നഗ്നനേത്രങ്ങൾകൊണ്ട് കാണാവുന്ന ദേവന്മാരോടാണ് കൂടുതൽ താല്പര്യം. ഈ ദേവന്മാരിൽ ആശ്രയിക്കുന്നത് കൂടുതൽ യുക്തിപരമായി അവർക്ക് തോന്നുന്നു. നമ്മുടെ അവസ്ഥയും വ്യത്യസ്ഥമല്ല. കാണാത്ത ദൈവത്തെ ആശ്രയിക്കുന്നതിനേക്കാൾ നമ്മുടെ കൈവശമുള്ള ധനത്തിലും മറ്റും ആശ്രയിക്കുന്നത് ആണ് ബുദ്ധി എന്ന് നാമും ചിലപ്പോൾ കരുതുന്നു. അങ്ങനെ ദൈവത്തിൽ ആശ്രയം നഷ്ടപ്പെടുന്നു.

പത്രൊസ് അപ്പൊസ്തലൻ പറയുന്നു. ".....അവൻ ഹ്യസ്വദൃഷ്ടിയുള്ളവനും തന്റെ മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീകരണം മറന്നവനും തന്നേ" (2 പത്രൊസ് 1:9). ദൈവം ചെയ്തതും നടത്തിയതും മറക്കുന്നതും ദീർഘവീക്ഷണമുള്ള വിശ്വാസദൃഷ്ടിയില്ലാത്തതുമാണ് ദൈവത്തെ ആശ്രയിക്കാതിരിക്കുന്നതിന് പ്രധാന കാരണം. കാണുന്ന കാര്യങ്ങളിൽ ആശ്രയിച്ച് കാഴ്ചയാൽ ജീവിക്കുന്നതാണ് സുരക്ഷിതം എന്നു നാം കരുതുന്നു. എന്നാൽ ദൈവം തന്റെ നീതിമാനെക്കുറിച്ച് വിശ്വാസത്താൽ ജീവിക്കണം എന്നാണ് ആഗ്രഹിക്കുന്നത്. ജീവിതത്തിലെ ഓരോ കാര്യങ്ങൾക്കും ദൈവത്തെ ആശ്രയമാക്കുക എന്നാണ് വിശ്വാസ ജീവിതം. ജീവിതത്തിന്റെ പല വിഷമഘട്ടങ്ങളിലും നമുക്കുവേണ്ടി പ്രവർത്തിക്കുന്ന ജീവിക്കുന്ന ദൈവമുണ്ട് എന്ന് വിശ്വസിക്കുവാൻ പ്രയാസമുണ്ടാക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ അങ്ങനെയുള്ള അവസ്ഥയിലും യഹോവയിൽ ആശ്രയിക്കാൻ സാധിക്കണം.

''നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നെ ആശ്രയിക്ക; അവൻ അത് നിവർത്തിക്കും" (സങ്കീ. 37:5). ദൈവം മാത്രം നമ്മുടെ ആശ്രയമായിരിക്കണം. പലർക്കും ദൈവം അവസാന ആശ്രയമാണ്. ദൈവമല്ലാത്തവയിലും മനുഷ്യരിലും ആശ്രയിച്ച് പരാജയപ്പെട്ട് "ഉറ്റവരും ഉടയവരും വെടിയുമ്പോൾ" അവസാന ശ്രമമായി 10 പാട്ടെഴുതി ഒരു കാസറ്റും ഇറക്കി - കാസറ്റ് ഇറക്കുന്നവരെപ്പറ്റിയുള്ള പൊതു വീക്ഷണമല്ല- അതും പരാജയപ്പെടുമ്പോൾ "സുബോധം വന്നിട്ട്" കർത്താവിലാശ്രയിക്കുന്ന രീതിയാണ് ഇന്ന് കണ്ടുവരുന്നത്. ഇവർക്ക് കർത്താവ് അവസാന ആശ്രയമാണ്. ഇങ്ങനെയുള്ള ഗാനരചയിതാക്കൾക്കാണ് "കാശും കഴിവും ഉണ്ടായിരുന്നപ്പോൾ കൂടെയുണ്ടായിരുന്നവരെല്ലാം കൈവിട്ടു" എന്ന് നിലവിളിക്കേണ്ടി വരുന്നത്. എന്നാൽ കർത്താവ് ഏക ആശ്രയമായിരിക്കുന്നവർക്ക് അഭിമാനപൂർവ്വം "സാധു എന്നെ കൈവിടാതെ നാഥനെന്നും നടത്തിടുന്നു" എന്നുള്ള വരികൾ പാടാൻ സാധിക്കും. അങ്ങനെ ദൈവത്തെ ആശ്രയിക്കുന്നവർ അവനെ എല്ലാറ്റിലുമുപരി സ്നേഹിക്കുന്നു. അവനെ പിൻഗമിക്കുന്നു. അവന്റെ ഇഷ്ടം നിറവേറ്റുന്നു. മൂല്യങ്ങൾ മുറുകെ പിടിക്കുന്നു.

മൂല്യച്യുതി എന്നത് ഒരു ആഗോള പ്രതിഭാസമാണെന്ന് പറഞ്ഞത് ക്രിസ്തീയ ഗോളത്തിലെ മൂല്യനഷ്ടത്തെ അവഗണിക്കാനാവില്ല. പ്രസ്തുത വിഷയത്തിൽ നാമും ലോകത്തിലെ മറ്റു വ്യവസ്ഥകൾക്ക് തുല്യരാണ് എന്നത് തന്നെ തെറ്റാണ്. തിരുത്തേണ്ടത് നാം തന്നെയാണ്. ധനസമ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മൂല്യങ്ങൾ മുറുകെ പിടിക്കാൻ സമയമോ ആത്മാർത്ഥതയോ ഇല്ല. സമ്പാദിച്ചവർക്ക് അതിന്റെ ആവശ്യമില്ല. കാമതസ്കരനെ അറസ്റ്റു ചെയ്ത് ശിക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു (ഗലാ. 5:24). ദൈവമൊഴികെ മറ്റെന്തെങ്കിലും ദൈവം നൽകിയ അനുഗ്രഹമാണെങ്കിൽപ്പോലും ഉള്ള ആശ്രയം വെടിഞ്ഞ് ദൈവത്തെ മാത്രം ആശ്രയമാക്കാം. അപ്പോൾ നമ്മുടെ ജീവിതം യഥാർത്ഥ വിശ്വാസ ജീവിതമാകും. മൂല്യച്യുതി താനേ നീങ്ങിപ്പോകും. ഏതു സാഹചര്യങ്ങളിലും തനിക്കായി തന്നെ സ്നേഹിക്കുന്നവരുടെ ഒരു ശേഷിപ്പിനെ സൂക്ഷിക്കുന്ന പതിവ് ദൈവത്തിനുണ്ട്. ആധുനിക കാലഘട്ടത്തിലെ മൂല്യച്യുതി സംഭവിക്കാത്ത ശേഷിപ്പിലൊരാൾ ആയി നമുക്കെന്തുകൊണ്ടും മാറിക്കൂടാ? ●

# ആരെ പിൻതുടരണം?

വി.എം. ജോൺ, ചേത്തയ്ക്കൽ

"സ്വന്തം കാര്യം സിന്ദാബാദ്" എന്നു പറയുന്ന ഇക്കാലത്ത് മറ്റാരെയെങ്കിലും അനുഗമിക്കുക എന്നു പറഞ്ഞാൽ അത് തീരെ സ്വീകാര്യമായിരിക്കുകയില്ല. എന്നാൽ യേശുക്രിസ്തു നമ്മെ ആഹ്വാനം ചെയ്യുന്നത് "എന്നെ അനുഗമിക്കുക" എന്നു പറഞ്ഞുകൊണ്ടാണ് (മത്തായി 9:9). ക്രിസ്തുവിന്റെ ആഗ്രഹം എല്ലാവരും സ്വർഗ്ഗത്തിലോളം അവനെ അനുഗമിക്കുക എന്നാണ്. അതുകൊണ്ട് ഈ ലോകത്തിലും നിങ്ങൾ എന്നെ അനുഗമിക്കുകഎന്നാണ് ക്രിസ്തുവിന്റെ വാഞ്ച.

ക്രിസ്തുവിനെ രക്ഷിതാവായി ജീവിതത്തിൽ സ്വീകരിച്ച ഏവരും എങ്ങനെ ജീവിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നതിനെ നാം മനസ്സിലാക്കണം. അവനെ പിൻതുടരുവാൻ തീരുമാനിക്കുമ്പോൾ ഒരു മനുഷ്യൻ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ യാത്ര ആരംഭിക്കുകയാണ്. അവൻ യേശുക്രിസ്തുവിനെയാണ് പിൻതുടരുന്നത്; അവന്റെ വചനത്തെ അനുസരിച്ച് ജീവിക്കുകയാണ്. വേദപുസ്തകാടിസ്ഥാനത്തിൽ പിൻതുടരുന്നതിന് അടിസ്ഥാനമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം: **വീണ്ടും ജനിക്കുക:** നാം എല്ലാവരും ലോകപ്രകാരം ജനിച്ചവരാണ്. എന്നാൽ യേശുക്രിസ്തു പറഞ്ഞത് "പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയില്ല" എന്നാണ് (യോഹ. 3:3). അതിനാൽ നാം ആത്മീകമായി ജനിക്കേണ്ടത് ആവശ്യമാണ്. എങ്കിൽ നിത്യത ദൈവത്തോടുകൂടെ കഴിയാൻ സാധിക്കും. 1 പത്രൊസ് 1:23 ൽ വീണ്ടും ജനിച്ചവരെപ്പറ്റി പറഞ്ഞിരിക്കുന്നത്: കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു എന്നാണ്. വീണ്ടും ജനിച്ചവരാണോ എന്ന് എങ്ങനെ തിരിച്ചറിയാൻ സാധിക്കും. യേശുക്രിസ്തു പറഞ്ഞത്: ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ അവനിൽ നിന്നും പുറപ്പെടുന്ന ഫലത്താൽ അറിയാം എന്നാണ് (മത്തായി 7:16).

**ദൈവവചനം** : ദൈവം നമ്മോട് സംസാരിക്കുവാൻ ഉപയോഗിക്കുന്ന മാർഗ്ഗം ദൈവവചനമാണ്. ഒരു ചെടിക്ക് വെള്ളവും ഒരു ശിശുവിന് പാലും പ്രായപൂർത്തിയായവന് ആഹാരവും ആവശ്യമുള്ളതുപോലെ ഒരു വിശ്വാസിക്ക് ദൈവവചനമാകുന്ന വെള്ളവും പാലും അപ്പവും ആവശ്യമാണ്. വെള്ളം – അവൻ (ക്രിസ്തു) അവളേ (സഭ) വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും (എഫെ. 5:26). പാല് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ (1 പത്രൊസ് 2:2). അപ്പം – "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു (മത്തായി 4:2).

ദൈവവചനത്താൽ വിശ്വാസം വളരുമോ? അതെ "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ 10:17). എന്നാൽ വചനം കേട്ടാൽ മാത്രം പോരാ "എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരുമായിരിപ്പിൻ'' (യാക്കോബ് 1:22). "ക്രിസ്തുവിന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ മാത്രമേ നാം അവന്റെ ശിഷ്യന്മാരായിരിക്കൂ" (യോഹ. 8:31,32). വാക്യങ്ങൾ മനഃപാഠം പഠിക്കുന്നതും അത് ജീവിതത്തിൽ പ്രായോഗികമാക്കുന്നതും ദൈവത്തോട് പാപം ചെയ്യാതിരിപ്പാൻ സഹായിക്കും. അതെ "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (സങ്കീ. 119:11).

**പ്രാർത്ഥന** : ദൈവത്തോട് ആത്മാർത്ഥമായ സംഭാഷണമാണ് പ്രാർത്ഥന. 3 വിധത്തിലുള്ള പ്രാർത്ഥനയാണ് ആവശ്യം. സ്തുതി – വലിയവനായ ദൈവത്തിന് സ്തുതി അർപ്പിക്കുക. നന്ദി കരേറ്റൽ – അവൻ ചെയ്ത എല്ലാ നന്മകൾക്കും ഭാവിയിൽ ചെയ്യാൻ പോകുന്നവയ്ക്കും നന്ദി കരേറ്റുക. അപേക്ഷ – നിന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചു തരുവാൻ അപേക്ഷിക്കുക. ''അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ . . . അവനോടു കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്ന് അറിയുന്നു (1 യോഹ. 5:14,15). പ്രാർത്ഥന കേൾക്കാതെ പോകുന്നത് പാപം നിമിത്തമാണ്. ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നെങ്കിൽ കർത്താവ് കേൾക്കുകയില്ലായിരുന്നു എന്ന് ദാവീദ് സങ്കീ. 66:18 ൽ പറയുന്നു. ദൈവത്തോടു പാപം ചെയ്യാതിരിപ്പാൻ പ്രാർത്ഥന സഹായിക്കും. "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ എഴുന്നേറ്റു പ്രാർത്ഥിപ്പിൻ" (ലൂക്കൊസ് 22:40).

**കൂട്ടായ്മ** : ആരുമായിട്ടാണ് കൂട്ടായ്മ ആചരിക്കേണ്ടത്? വേദപുസ്തകത്തിൽക്കൂടിയല്ലാതെ യേശുക്രിസ്തുവിന്റെ വ്യക്തി മാഹാത്മ്യം കാണുവാൻ സാധിക്കുന്നത്; അവന്റെ ജനമായ വിശ്വാസികളിൽക്കൂടിയാണ്. വചനം പറയുന്നത് "ആക

# ആത്മീകമുറി പ്രഭാഷണം - 18

**ഡോ. ഒ.എം. ശാമുവേൽ**

**പ**രിശുദ്ധാത്മാവിന്റെ ആഗമനത്തിൽ നടക്കുന്ന ശ്രദ്ധേയമായ മറ്റൊരു ശുശ്രൂഷ ലോകത്തെ ന്യായവിധിയെക്കുറിച്ച് ബോധം വരുത്തും എന്ന സത്യമാണ്. ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കയാണ്. സാത്താന് 3 സ്ഥാനങ്ങളിൽ അധികാരമുണ്ട്. സാത്താൻ ഈ ലോകത്തിന്റെ ദൈവമാണ് (2 കൊരി. 4:4). താൻ ആകാശത്തിലെ അധികാരിയാണ് (എഫെ. 2:2). ഈ ലോകത്തിന്റെ പ്രഭുവും സാത്താനാണ് (യോഹ. 14:30).

ഈ നിലയിൽ അധികാരമുള്ള സാത്താനെയാണ് യേശുക്രിസ്തു ക്രൂശിൽ ആയുധവർഗ്ഗം വെപ്പിച്ച് കീഴടക്കിയത്. സാത്താനെ ക്രൂശിൽ യേശുക്രിസ്തു പരാജയപ്പെടുത്തി. അവന്റെ ന്യായവിധി നടന്നു കഴിഞ്ഞിരിക്കയാണ്. ഇനി അല്പകാലം കൂടി കഴിഞ്ഞ് യേശുക്രിസ്തുവിന്റെ പുനരാഗമനത്തിനു ശേഷം സാത്താനെ എന്നേക്കുമായി നരകത്തിന്റെ അഗാധതയിലേക്ക് തള്ളി അവന്റെ തല തകർക്കും. ഇങ്ങനെ സാത്താന്റെ ന്യായവിധി നടന്നു കഴിഞ്ഞു എന്ന മഹൽസത്യം പരിശുദ്ധാത്മാവ് ബോധ്യം വരുത്തും. ഈ ലോകത്തിന്റെ പ്രഭു എന്ന നിലയിൽ സാത്താൻ അനേകരുടെ കണ്ണ് ഈ സത്യം കാണാതിരിക്കത്തക്കവണ്ണം കുരുടാക്കി കളഞ്ഞിരിക്കയാണ്. എബ്രായ ലേഖനത്തിൽ നാം വായിക്കുന്നത് *ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു* എന്നാണ്.

പ്രിയ സുഹൃത്തേ, നീ ഒരു പക്ഷെ ദീർഘവർഷങ്ങൾ ജീവിച്ചു എന്നു വരാം. എന്നാൽ നീ ഒരിക്കൽ മരിക്കും. അതു കഴിഞ്ഞുള്ള ന്യായവിധിയും ഉണ്ട്. ഇതിൽ നിന്നുള്ള വിടുതൽ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ നിനക്ക് അനുഭവിക്കാൻ സാധിക്കും. കർത്താവ് അതിന്നായി സഹായിക്കട്ടെ.

*ഇനിയും വളരെ നിങ്ങളോട് പറവാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല* (യോഹ. 16:12). ശിഷ്യന്മാരുടെ ആത്മീയ പരിമിതി ഇവിടെ കാണാൻ സാധിക്കും. ആത്മീയ സത്യങ്ങളുടെ ആഴങ്ങൾ ഗ്രഹിക്കാൻ കഴിയുക എന്നുള്ളത് എത്രയോ അനുഗ്രഹീതമായ ഒരു അവസ്ഥാവിശേഷമാണ്. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ ലോകത്തോടുള്ള ബന്ധത്തിൽ എന്താണ് എന്നു നാം ഗ്രഹിച്ചു. ഇനി ശിഷ്യന്മാരോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവ് എന്തു ചെയ്യുന്നു എന്ന് കർത്താവ് വിശദീകരിക്കുന്നു. ഈ കാര്യങ്ങൾ ഈ കാലത്തുള്ള വിശ്വാസികളോടുള്ള ബന്ധത്തിലും ശരിയാണ്.

*സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും* (യോഹ. 16:13). സകല സത്യങ്ങളിലും വഴി നടത്തുന്നതാരാണ്? സത്യത്തിന്റെ ആത്മാവ്. സത്യ

യാൽ നിങ്ങൾ ഇനി അന്യൻമാരും പരദേശികളുമല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ എന്നാണ് (എഫെ. 2:19). നമ്മുടെ കൂട്ടായ്മ ആരുമായിട്ടാകരുതെന്നും വേദപുസ്തകം നിർദ്ദേശിച്ചിട്ടുണ്ട്. നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാ പിണ കൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തൊരു കൂട്ടായ്മ (2 കൊരി. 6:14) ആകയാൽ ക്രിസ്ത്യേതരരോടു വളരെ കരുതലോടെ ബന്ധം പുലർത്തുക.

**സഭ:** സഭ മനുഷ്യരാൽ കണ്ടുപിടിച്ചതല്ല. പിന്നെയോ തന്റെ മക്കളെ സംരക്ഷിക്കുന്നതിനും സൽഗുണപൂർണ്ണരാക്കുന്നതിനും ദൈവം കണ്ടുപിടിച്ച ഒരു ഉപാധിയാണ്. സഭയുടെ സംരക്ഷണം സഭാംഗങ്ങൾക്ക് വളർച്ചയ്ക്ക് ഉപകാരപ്രദമാണ്. ആകയാൽ "ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചും കൊണ്ട് സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അത് അധികമായി ചെയ്യേണ്ടതാകുന്നു (എബ്രാ. 10:24-25).

**സാക്ഷ്യം** : ക്രിസ്തുവിനെപ്പറ്റി മറ്റുള്ളവരോട് പറയുവാൻ ദിവസവും തയ്യാറായിരിക്കുക. ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിൽ സ്വീകരിച്ച ശേഷം നമുക്ക് നമ്മുടെ സ്നേഹിതരോടും ബന്ധുക്കളോടും പരിചിതരോടും ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്ത വൻ കാര്യങ്ങളെപ്പറ്റി പറയുവാൻ അവസരം ലഭിക്കുന്നത് തക്കത്തിൽ ഉപയോഗിക്കണം.

യേശുക്രിസ്തു ഒരു പുതിയ വിശ്വാസിയോടു പറഞ്ഞതുപോലെ "യേശു അവനെ അനുവദിക്കാതെ; നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്നു കർത്താവു നിനക്കു ചെയ്തതൊക്കെയും നിന്നോടു കരുണകാണിച്ചതും പ്രസ്താവിക്ക എന്ന് അവനോടു പറഞ്ഞു" (മർക്കൊസ് 5:19). ആകയാൽ നാം കൂടുതൽ ഫലമുള്ളവരായി ജീവിക്കുന്നതിന് മേൽപറഞ്ഞ കാര്യങ്ങളെ പിൻപറ്റുവാൻ ഇടയായാൽ നാം കർത്താവിന് പ്രയോജനമുള്ള ദാസന്മാരായിത്തീരും. അത് കർത്താവിന് പ്രസാദകരമായ പ്രവർത്തിയുമാണ്. അങ്ങനെ ക്രിസ്തുവിന്റെ മാർഗ്ഗത്തെ പിൻതുടർന്ന് ജീവിക്കുവാൻ ഏവർക്കും ദൈവം കൃപ ചെയ്യട്ടെ. ●

ത്തിന്റെ ആത്മാവിനേ അത് സാധിക്കുകയുള്ളൂ. പരിശുദ്ധാത്മാവ് ഇന്നു ദൈവജനത്തെ സകല സത്യങ്ങളിലും വഴി നടത്തുന്നവനാണ്. 14:26-ൽ *പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും* എന്നു പറഞ്ഞത് ഇതിനെക്കുറിച്ചാണ്. ദൈവവചനം പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ടതാണല്ലോ. എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയമാണ്. പുതിയനിയമത്തിലെ സുവിശേഷങ്ങൾ പരിശുദ്ധാത്മാവ് എഴുത്തുകാരെ ഓർപ്പിച്ച കാര്യങ്ങളായി നമുക്കു പരിഗണിക്കാം. കർത്താവ് പറഞ്ഞതും ചെയ്തതും അവർക്ക് ഓർപ്പിച്ചു കൊടുത്തത് പരിശുദ്ധാത്മാവ് ആണ്. ആ സത്യത്തിന്റെ ആത്മാവ് സകല സത്യങ്ങളിലും വഴി നടത്തും. നമ്മുടെ ജീവിതത്തിനും ഗുണീകരണത്തിനും ആവശ്യമായ എല്ലാ സത്യങ്ങളും പരിശുദ്ധാത്മാവ് ലേഖനങ്ങളിൽ കൂടി വിശദീകരിച്ചുണ്ടല്ലോ. അതുമാത്രമല്ല, പരിശുദ്ധാത്മാവ് വരുവാനുള്ളത് നിങ്ങൾക്ക് കാണിച്ചു തരികയും ചെയ്യും. ഭാവിയിൽ സംഭവിപ്പാനുള്ള അനേക കാര്യങ്ങൾ തിരുവചനത്തിൽ വിവിധ ഭാഗങ്ങളിൽ പരിശുദ്ധാത്മാവ് വിവരിക്കുന്നുണ്ട്. വെളിപ്പാടു പുസ്തകം ഇനി സംഭവിപ്പാനുള്ള സംഭവങ്ങളുടെ ആകെത്തുകയാമണല്ലോ. അതും പരിശുദ്ധാത്മാവിന്റെ സഹായത്താലാണല്ലോ യോഹന്നാൻ എഴുതിയിരിക്കുന്നത്. ദൈവവചനസത്യങ്ങളുടെ ക്രോഡീകരണത്തിൽ ദൈവാത്മാവിനുള്ള സ്ഥാനം നാം ലാഘവബുദ്ധിയോടു കൂടി കാണരുത്.

തിരുവചനത്തിലെ നിഗൂഢസത്യങ്ങൾ വെളിപ്പെടുത്തിത്തരുന്നതും പരിശുദ്ധാത്മാവ് ആണ്. അത് 1 യോഹ. 2:26,27-ൽ നിന്നും വ്യക്തമാണ്. *നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്ത് ഞാൻ ഇത് നിങ്ങൾക്ക് എഴുതിയിരിക്കുന്നു. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയാലും അതു ഭോഷ്ക്കല്ല സത്യം തന്നെ ആയിരിക്കയാൽ അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ.* പരിശുദ്ധാത്മാവ് ആണ് ഏറ്റവും നല്ല ഗുരുഭൂതൻ. ആ ഗുരുവിന്റെ ശിഷ്യത്വം അംഗീകരിച്ചാൽ ദൈവവചനത്തിലെ ആഴങ്ങൾ നമുക്കു ഗ്രഹിക്കാൻ കഴിയും.

14-ാം വാക്യത്തിൽ പരിശുദ്ധാത്മാവിന്റെ മറ്റൊരു ശുശ്രൂഷയെക്കുറിച്ച് നാം കാണുന്നു. *അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും.* യേശുക്രിസ്തുവിന്റെ ജീവിതത്തിൽ പിതാവിന്റെ മഹത്വമായിരുന്നു പ്രധാന ലക്ഷ്യം. അതുപോലെ പരിശുദ്ധാത്മാവ് യേശുക്രിസ്തുവിന്റെ മഹത്വമാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. ത്രിയേക ദൈവത്തിലെ ഈ ആശയ സമന്വയം എത്രയോ ചിന്താമൃതമായിരിക്കുന്നു. അബ്രഹാമിന്റെ ദാസനായ എലെയാസാർ ലാബാന്റെ ഭവനത്തിൽ വെച്ച് പറയുന്ന വാക്കുകൾ ഇതിലേക്ക് വെളിച്ചം വീശുന്നവയാണ്. ആ വിശ്വസ്ത ദാസൻ പറയുന്നതെല്ലാം തന്റെ യജമാനനെക്കുറിച്ചാണ്. തന്റെ യജമാനന്റെ മഹത്വത്തെക്കുറിച്ചു പറയുമ്പോൾ വാചാലമായ ഭാഷയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇങ്ങനെ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടു അനുബന്ധിച്ചുള്ള ശുശ്രൂഷ ലോകത്തോടുള്ള ബന്ധത്തിലും വിശ്വാസികളോടുള്ള ബന്ധത്തിലും യേശുക്രിസ്തുവിനോടുള്ള ബന്ധത്തിലും സംക്ഷിപ്തമായി നമുക്കു കാണാൻ കഴിയും.

ഈ പരിശുദ്ധാത്മ ദാനത്തിനായി നമുക്കു നന്ദിയുള്ളവരായിരിക്കാം. നമ്മുടെ രക്ഷിതാവ് ഇന്ന് സ്വർഗ്ഗത്തിലാണ്. എന്നാൽ മറ്റൊരു കാര്യസ്ഥനായ പരിശുദ്ധാത്മാവ് നമ്മോടു കൂടെ ഈ ഭൂമിയിലുണ്ട്. അവൻ നമ്മുടെ ഉള്ളിൽ വാസം ചെയ്യുന്നു (1 കൊരി. 6:19); അവൻ ദൈവസ്നേഹം ഹൃദയങ്ങളിൽ പകർന്നു (റോമർ 5:5); അവൻ നമ്മെ നടത്തുന്നു (8:14); ദൈവമക്കൾ ആണെന്നുള്ള നിശ്ചയം നൽകുന്നു (8:16); നമ്മുടെ ബലഹീനതയിൽ തുണ നിൽക്കുന്നു (8:26); വീണ്ടെടുപ്പിൻ നാളിലേക്കായി നമ്മെ മുദ്രയിടുന്നു (എഫെ. 4:30). ഇത്രമാത്രം അനുഗ്രഹങ്ങൾ ദാനം ചെയ്യുന്ന ത്രിത്വത്തിലെ മൂന്നാം ആളത്വമായ ഈ പരിശുദ്ധാത്മാവിനെ നമുക്ക് ദുഃഖിപ്പിക്കാതിരിക്കാം. **(തുടരും)**

## ബഥനി ബൈബിൾ സ്കൂൾ

സ്കൂളിന്റെ 60-ാമത് ബാച്ച് 2009 മാർച്ച് 27 വെള്ളിയാഴ്ച പര്യവസാനിച്ചു. 61-ാമത് ബാച്ച് ദൈവഹിതമായാൽ 2009 ജൂൺ 1 ന് ആരംഭിക്കുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്നവർ സ്ഥലം സഭകൾ വഴി സൗജന്യ പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും എഴുതുക. പൂരിപ്പിച്ച അപേക്ഷകൾ 2009 മെയ് 15 ന് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. സെക്രട്ടറി ബെഥനി ബൈബിൾ സ്കൂൾ പി.ബി. നമ്പർ 45, കുമ്പനാട് 689547.

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-18

ജേക്കബ് തോമസ്, മാവേലിക്കര

**XVIII. ദാസന്മാരുടെ വിശ്വസ്തമായ ജീവിതം (1 തിമൊ. 6:1-2)**

*നുകത്തിൻ കീഴിൽ ദാസന്മാരായിരിക്കുന്നവർ ഒക്കെയും ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിപ്പാൻ തങ്ങളുടെ യജമാനന്മാരെ സകല മാനത്തിനും യോഗ്യന്മാരെന്ന് എണ്ണേണ്ടതാകുന്നു. വിശ്വാസികളായ യജമാനന്മാരുള്ളവർ അവരെ സഹോദരന്മാരെന്നുവെച്ച് അലക്ഷ്യമാക്കരുത്; തങ്ങളെക്കൊണ്ടുള്ള ഉപകരം അനുഭവിക്കുന്നവർ വിശ്വാസികളും പ്രിയരും ആകകൊണ്ട് അവരെ വിശേഷാൽ സേവിക്കയത്രേ വേണ്ടത്; ഇത് നീ ഉപദേശിക്കയും പ്രബോധിപ്പിക്കയും ചെയ്ക.*

റോമൻ സാമ്രാജ്യം അടിമകളുടെ മുതുകിലാണ് താങ്ങിനിർത്തിയിരുന്നത് എന്നാണ് ചരിത്രകാരന്മാർ ആ കാലത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ജനസംഖ്യയുടെ പകുതിയോളം അടിമകളായിരുന്നു, അവരിൽ പലരും അഭ്യസ്തവിദ്യരും, സംസ്കാര സമ്പന്നരുമായിരുന്നു. എന്നാൽ അവരെ സ്വതന്ത്രരായ വ്യക്തികളായി കരുതാതെ കേവലം യജമാനന്റെ അധികാരത്തിലുള്ള സ്വത്തായിക്കണ്ടിരുന്ന കാലം. അവരിൽ പലരും സുവിശേഷത്താൽ ആകർഷിക്കപ്പെട്ട് ആത്മീയ സ്വാതന്ത്ര്യം അനുഭവിച്ചു.

**1. മനുഷ്യാവകാശത്തിന്റെ സമത്വത്തിൽ ബൈബിൾ ചെലുത്തിയ സ്വാധീനം**

അടിമകളുടെ സ്വാതന്ത്ര്യത്തിനായി ആയുധമെടുത്ത് പോരാടുവാൻ ക്രിസ്തീയ വിശ്വാസം ആരേയും പ്രേരിപ്പിക്കുന്നില്ല എന്നത് സത്യമാണ്. എന്നാൽ മുൻ വിധികളും, വിഭാഗീയ ചിന്താഗതികളും മാറ്റിനിർത്തി നിഷ്പക്ഷമായി വിലയിരുത്തിയാൽ, ദൈവവചനത്തിനും, സുവിശേഷത്തിനും അടിമക്കച്ചവടം നിർത്തലാക്കുന്നതിലുള്ള പങ്ക് മനസിലാക്കുവാൻ കഴിയും. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണെന്നും അവർ ഏകനാൽ സൃഷ്ടിക്കപ്പെട്ടതിനാൽ ഏകോദരസഹോദരങ്ങളായി ജീവിക്കണം എന്നും ബൈബിൾ പഠിപ്പിക്കുമ്പോൾ സങ്കുചിതമായ സ്വാർത്ഥതാല്പര്യങ്ങക്കായി മനുഷ്യനെ മതത്തിന്റെയും ജാതിയുടേയും പേരിൽ ചേരിപ്പോരിനായി കാഹളമൂതുന്ന കാഴ്ചയല്ലെ നാം കാണുന്നത്. അടിമകളുടെ സ്വാതന്ത്ര്യത്തിനായിജീവിതത്തിലുടനീളം സന്ധിയില്ലാസമരം നടത്തുകയും സകല സവർണ്ണ മേധാവിത്വത്തിന്റെ ഉരുക്കുമുഷ്ടികളേയും തകർത്തുകൊണ്ട് അടിമകളുടെ സ്വാതന്ത്ര്യം ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളിൽ എഴുതിച്ചേർത്ത അമേരിക്കൻ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ ബൈബിളിൽ നിന്ന് ആവേശമുൾക്കോണ്ടാണ് ആ വലിയ ദൗത്യം നിവർത്തിച്ചതെന്ന് പറഞ്ഞാൽ അഭ്യസ്തവിദ്യരായ ആർക്കും നിഷേധിക്കാൻ കഴിയില്ല. അനാചാരങ്ങളുടെ നിർമ്മാർജ്ജനം, ഇങ്ങനെ മനുഷ്യാവകാശത്തിന്റെ സമത്വം, സ്ത്രീസ്വാതന്ത്ര്യം എന്നീ വിഷയങ്ങളിൽ ബൈബിൾ ചെലുത്തിയ സ്വാധീനം കുറച്ചൊന്നുമല്ല.

**2. ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടരുത് (1 തിമൊ. 6.1)**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷപ്രാപിച്ച അടിമകൾ അവരുടെ അവസ്ഥകളെ തകർത്തെറിയുവാൻ ക്രിസ്തീയ വിശ്വാസം ആഹ്വാനം ചെയ്യ്തില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ ചോരപ്പുഴ ഒഴുകുമായിരുന്നു. എന്നാൽ എക്കാലവും ക്രിസ്തീയ വിശ്വാസം ഊന്നൽ കൊടുക്കുന്നതുപോലെ അന്ന് വിശ്വാസയോഗ്യമായ ജീവിതത്തിന് പ്രാധാന്യം കൊടുത്തു. അതുകൊണ്ടാണ് വിപ്ലവപ്രസ്ഥാനങ്ങൾ കാലപ്പഴക്കത്തിൽ ജീർണ്ണിച്ച് നാമാവശേഷമായപ്പോൾ ബൈബിളും ക്രിസ്തുമാർഗ്ഗവും ജീവസുറ്റതായി തുടരുന്നത്. ദൈവസഭയിലുള്ള രണ്ടു വിധത്തിലുള്ള അടിമകളെക്കുറിച്ച് പൗലൊസ് ഇവിടെ പറയുന്നു. ആദ്യമായി, അവിശ്വാസികളായ യജമാനന്മാരുള്ളവർക്കുള്ള പ്രബോധനമാണ്. അവരുടെ ജീവിതം വളരെ ദുരിത പൂർണ്ണമായിരുന്നു. കാരണം, ഒരു അടിമയുടെ സ്ഥാനം തന്നെ കഷ്ടമാണ്. അത് കൂടതെ വിശ്വാസത്തിലേക്ക് വന്നതിനാൽ അവിശ്വാസികളായ യജമാനന്റെ പീഢനങ്ങൾ, പരിഹാസങ്ങൾ എന്നിവ സഹിക്കണം. എന്നാൽ ആ സന്ദർഭത്തിലും മറുതലിക്കുവാനോ, എതിർക്കുവാനോ ശ്രമിക്കയല്ല, അവർക്ക് പോലും ബോധ്യപ്പെടുന്ന നിലയിൽ ജീവിക്കണമെന്നനുശാസിക്കുന്നു.

രണ്ടാമതായി, വിശ്വാസികളായ യജമാനന്മാരുള്ള അടിമകൾക്കുള്ള പ്രബോധനമാണ് ഇവിടെ പൗലൊസ് നൽകുന്നത്. അവരുടെ ഭാഗത്തുണ്ടായ പ്രശ്നം വേറെയാണ്. അവരുടെ യജമാനന്മാർ വിശ്വാസികളായതിനാൽ അവരെ അനുസരിക്കുവാനും, വിശ്വസ്തമായി സേവിക്കുവാനും അങ്ങനെയുള്ള അടിമകൾ വിമുഖത കാണിക്കുന്നു. അവരുടെ യജമാനന്മാർ വിശ്വാസികളായതിനാൽ കൂടുതൽ ഭവ്യതയോടും ആത്മാർ

സഹോദരിമാരോട്......

# ബോവസിന്റെ വയൽ

സൂസൻ സാജൻ തോമസ്

**പ**ച്ചവിരിച്ചു നിൽക്കുന്ന പുഞ്ചപ്പാടങ്ങൾ മനസ്സിനെ കുളിർപ്പിക്കുന്ന ഒരു കാഴ്ചയാണ്. ഐശ്വര്യ സമൃദ്ധിയുടെ പ്രതീകമായ വയലേലകൾ നമ്മുടെ നാടിന്റെ മുഖഛായയ്ക്ക് തന്നെ ഒരു മുതൽക്കൂട്ടാണ്. ദൈവവചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന മനോഹരമായ ഒരു വയലിനെക്കുറിച്ച് അല്പമായി വിചിന്തനം ചെയ്യാം. സുപരിചിതയായ ഒരു സ്ത്രീരത്നം! രൂത്ത്! ഭാഗ്യവശാൽ എത്തിപ്പെട്ട ബോവസിന്റെ വയൽ! ഒരുപാടു പ്രത്യേകതകളുള്ള ഈ വയലിന്റെ ചില വൈശിഷ്ട്യങ്ങൾ നമുക്ക് നോക്കാം.

**1. സുരക്ഷിതത്വം ഉറപ്പാക്കപ്പെട്ട വയൽ!** ( 2:9). തന്റെ ബാല്യക്കാർ രൂത്തിനെ തൊടരുതെന്ന് ബോവസ് അവരോട് കല്പിച്ചിരുന്നു. പുതിയതായി ആ വയലിൽ എത്തിച്ചേർന്ന രൂത്തിനെ സംബന്ധിച്ചിടത്തോളം അത് തികച്ചും സന്തോഷകരമായ ഒരു അവസ്ഥയായിരുന്നു. ഭയമോ സങ്കോചമോ കൂടാതെ കതിർ പെറുക്കുവാൻ അവൾക്ക് അവിടെ കഴിഞ്ഞു. ദൈവമക്കളായ നാമും ഭാഗ്യവശാൽ നമ്മുടെ ബോവസായ കർത്താവിന്റെ വയലിൽ എത്തിച്ചേർന്നു. ദൈവം തന്റെ ഭക്തനായ ഇയ്യോബിനു ചുറ്റും വേലികെട്ടിയിരിക്കുന്നുവെന്ന് നാം വായിക്കുന്നു (ഇയ്യോബ് 1:10) യഹോവയുടെ ദൂതൻ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു (സങ്കീ. 34:7). ദൈവീക സംരക്ഷണം ഉറപ്പാക്കപ്പെട്ട വയലിൽ ആയിരിക്കുന്നത് എത്രയോ ഭാഗ്യം!

**2. ആശ്വാസത്തിന്റെ വയൽ** (2:13). രൂത്ത് തന്റെ ദാസിമാരിൽ ഒരുത്തിയെപ്പോലെ അല്ലായിരുന്നുവെങ്കിലും ബോവസ് അവളെ ആശ്വസിപ്പിക്കുന്നതായും അവളോട് കൃപ കാണിക്കുന്നതായും നാം കാണുന്നു. സ്വന്തം നാടും വീടും വിട്ട് ആൺതുണയും ഇല്ലാതെ അമ്മാവിയമ്മയോടൊപ്പം മറ്റൊരു നാട്ടിലെത്തിയ രൂത്തിനെ സംബന്ധിച്ചിടത്തോളം ബോവസിന്റെ പെരുമാറ്റം തികച്ചും ആശ്വാസപ്രദം തന്നെയായിരുന്നു. നമ്മുടെ വീണ്ടെടുപ്പുകാരനായ കർത്താവ് ആശ്വാസത്തിന്റെ ഉറവിടമാണ്. അവന്റെ സന്നിധിയിൽ ആശ്വാസം ലഭിക്കാനാവാത്ത ഒരു പ്രശ്നവും ഇല്ല. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും എന്ന് കർത്താവ് വാഗ്ദത്തം ചെയ്തിട്ടുണ്ട്. (യോഹ. 14:18). ഞാൻ നിങ്ങളെ ആശ്വാസമില്ലാത്തവരായി വിടുകയില്ല എന്നാണ്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ! ദൈവവചനം തന്നെ ആശ്വാസത്തിന്റെ മുഖാന്തിരമാണ്. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചു കൊള്ളുവാൻ പൗലൊസ് അപ്പൊസ്തലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. അദ്ധ്വാനിക്കുന്നവരും ഭാരംചുമക്കുന്നവരുമായുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന് കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നു (മത്തായി 11:28).

**3. കൂട്ടായ്മയുടെ വയൽ** (2:14). ഭക്ഷണസമയത്ത് ബോവസ് രൂത്തിനെ അടുക്കൽ വിളിച്ചു. എല്ലാവരോടും ഒപ്പം ഭക്ഷണം പങ്കുവയ്ക്കുവാൻ അവളെ അനുവദിച്ചു. കർത്താവിന്റെ വയൽ ! കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും സ്ഥലമാണ്. എമ്മവുസിലേക്ക് പോയ ശിഷ്യന്മാർ കർത്താവിനോട് ചേർന്നു നടന്നു. അവനെ കൂടെ പാർക്കുവാൻ ക്ഷണിച്ചു. ഒരുമിച്ച് ഭക്ഷണം പങ്കുവച്ചു. അതിന്റെ ഫലമായി അവരുടെ കണ്ണുതുറന്നു. അവർ കർത്താവിനെ കണ്ടു ഉള്ളം കത്തി. സമയപരിധിയെന്നോ രാത്രിയെന്നോ വകവയ്ക്കാതെ തിരികെ അവർ യെരുശലേമിലേക്ക് മടങ്ങിപ്പോന്നു. കൂട്ടായ്മയുടെ പങ്കുവയ്ക്കലിന്റെ ഫലമായി അവർ യഥാസ്ഥാനപ്പെടുവാൻ ഇടയായി.

**4. തൃപ്തിയുടെ വയൽ** (2:14) അവൻ അവൾക്ക് മലർ കൊടുത്തു. അവൾ തിന്നു തൃപ്ത

---

ഥതയോടും അവരുടെ കർത്തവ്യം നിർവ്വഹിക്കണമെന്നാണ് പൗലൊസ് അവരെ പ്രബോധിപ്പിക്കുന്നത്. ഈ രണ്ട് സാഹര്യത്തിലുമുള്ള അടിമകൾ ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിക്കുവാനാണ് അപ്രകാരം ചെയ്യേണ്ടത്. ഔദ്യോഗിക രംഗങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചവർ ദൈവനാമത്തെ മഹത്ത്വീകരിക്കയും, സമൂഹത്തിൽ ക്രിസ്തീയ വിശ്വാസത്തിന്റെ നിസ്തുല്യത തെളിയിച്ചവരുമാണ്; അത് മാത്രമല്ല, ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ വ്യാപനത്തിനും അത് കാരണമായിട്ടുണ്ട്. തങ്ങളുടെ ചുമതലകളെ അലക്ഷ്യമാക്കി ഔദ്യോഗിക രംഗം ദുരുപയോഗം ചെയ്യുന്നവർ ദൈവനാമത്തിന് അപമാനം വരുത്തുന്നവരാണ്. നമ്മുടെ ജീവിതശൈലി, വിധേയത്തം, വിശ്വസ്ഥത എന്നിവ വെളിപ്പെടുത്തുന്ന നിലയിൽ നമുക്ക് ജീവിക്കാം. നമ്മെ ആക്കിയിരിക്കുന്ന സ്ഥാനത്ത് ക്രിസ്തീയ സ്നേഹം പകരുന്നവരായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. **(തുടരും)**

യായി ശേഷിപ്പിക്കയും ചെയ്തു. പച്ചയായ പുൽപ്പുറങ്ങളിൽ കിടക്കുന്ന ആടിനെപ്പോലെ (സങ്കീ. 23:2). പച്ചയുടേയും സമൃദ്ധിയുടെയും ജീവിതമാണ് നമുക്കും ലഭിച്ചിരിക്കുന്നത്. സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവം (1 തിമൊ. 6:17). ജീവന്റെ അപ്പവും വെള്ളവുമായ കർത്താവിന്റെ അടുക്കൽ വരുന്നവന് ഒരുനാളും വിശക്കുകയും ദാഹിക്കുകയുമില്ല. കാരാഗൃഹവാസിയായിരുന്ന പൗലൊസ് എനിക്കു വേണ്ടുന്നത് എല്ലാമുണ്ട്. സമൃദ്ധിയായുമിരിക്കുന്നു എന്നു പറയുവാൻ കാരണവും കർത്താവിൽ നിന്നനുഭവിക്കുന്ന തൃപ്തിയാണ്.

**5. വേലയുള്ള വയൽ!** (2:19). ഭവനത്തിൽ മടങ്ങിവന്ന രൂത്തിനോട് നൊവൊമി നീ എവിടെയായിരുന്നു വേല ചെയ്തത് എന്ന് ആരാഞ്ഞു. അവൾ രാവിലെ മുതൽ വൈകുന്നേരംവരെ കതിർ പെറുക്കി ഒരു പറ യവവുമായി വീട്ടിൽ പോകുന്നു. തോട്ടത്തിന്റെ യജമാനൻ 3-ാംമണി നേരത്തും 6-ാം മണിനേരത്തും 9-ാം മണി നേരത്തും 11-ാം മണി നേരത്തും കൂലിക്കാരെ തോട്ടത്തിൽ അയയ്ക്കുന്നു. വൈകുന്നേരം ആയപ്പോൾ എല്ലാവരെയും വിളിച്ച് അവർക്കുള്ള പ്രതിഫലം നൽകി. മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും! എന്ന് തുടർന്ന് രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 20:1-16). കർത്താവ് നമ്മെയും വിളിച്ചിരിക്കുന്നത് അവന്റെ വേലയിൽ വ്യാപൃതരാകാനാണ്. ചെറുതും വലുതുമായ ഒരുപാടു ശുശ്രൂഷകൾ ദൈവമക്കളായ നമുക്കും ഏല്പിച്ചു തന്നിട്ടുണ്ട്. മിനക്കെട്ടിരിക്കുവാൻ നമുക്ക് അനുവാദം ഇല്ല.

**6. വലിയ പ്രത്യാശയുടെ വയൽ!** (2:23). യവക്കൊയ്ത്തും കോതമ്പുകൊയ്ത്തും തീരുവോളം രൂത്ത് അതേ വയലിൽ അദ്ധ്വാനിക്കുന്നു. വേലയുടെ ബുദ്ധിമുട്ടും വെയിലും ഒക്കെ എന്നും അനുഭവിക്കണ്ട! കൊയ്ത്തു തീരുന്ന ഒരു ദിവസം നമുക്കും ഉണ്ട്. രോഗങ്ങളും ദുഃഖങ്ങളും കഷ്ടതകളും എല്ലാം ഒരിക്കലും അവസാനിക്കുകയില്ലെന്ന് കരുതണ്ട! പ്രത്യാശയുടെ പുതുപുലരി ദൈവം നമുക്കായി ഒരുക്കുന്നുണ്ട്. പിന്നീട് സ്വസ്ഥതയുടെയും വിശ്രമത്തിന്റെയും നാളുകൾ! 4:11 ബോവസിന്റെ വയലിൽ കതിർ പെറുക്കിയ രൂത്ത് അവന്റെ മണവാട്ടിയായി ഭവനത്തിലെത്തുന്നു. നമ്മുടെ ആത്മ മണവാളന്റെ മണവാട്ടിയായി നാമും സ്വർഗ്ഗ ഭവനത്തിലെത്തുന്ന ആ വലിയ പ്രത്യാശയോടെ നമുക്കും കർത്തൃസേവയിൽ വ്യാപൃതരാകാം. നമുക്ക് ഭയനിർദ്ദേശം പോലെ മറ്റൊരു വയലിനെക്കുറിച്ചും ഇതേ പുസ്തകത്തിൽ നാം വായിക്കുന്നു. 4:3 എലീമേലെക്കിന്റെ വയൽ! (പിൻമാറ്റക്കാരന്റെ വയൽ). കൃഷിയില്ലാതെ കഴിഞ്ഞ 10 വർഷത്തിലധികമായി ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള തരിശു ഭൂമി. അത് നൊവൊമി വിൽക്കുവാൻ താല്പര്യപ്പെടുന്നു. ആ വയലിൽ സുരക്ഷിതത്വം ഇല്ല! ആശ്വാസം ഇല്ല! കൂട്ടായ്മയോ, തൃപ്തിയോ, വേലയോ, പ്രത്യാശയോ ഇല്ല! 2:18 നീ വേറൊരു വയലിൽ പോകേണ്ട! ഇവിടം വിടുകയും വേണ്ട. എന്ന് ബോവസ് രൂത്തിനോടു പറയുന്നതിന്റെ കാരണം തന്റെ വയലിനുണ്ടായിരുന്ന വൈശിഷ്ട്യങ്ങൾ കൊണ്ട് തന്നെയായിരുന്നു. ഭാഗ്യവശാൽ എല്ലാ ഗുണങ്ങളുമുള്ള ആ വയലിൽ എത്തിപ്പെട്ട രൂത്ത് ബോവസിന്റെ മണവാട്ടിയായി! യേശുക്രിസ്തുവിന്റെ വംശാവലിയിൽ പേരു രേഖപ്പെടുത്തപ്പെട്ട സ്ത്രീരത്നമായി. മോവാബ്യ സ്ത്രീക്കു ലഭിച്ച അപൂർവ്വ ഭാഗ്യം. യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരായ നമ്മളെ വിളിച്ച് വേർതിരിച്ച് തന്റെ മണവാട്ടി പദവിയും നൽകിയ കർത്താവിന്റെ വയലിൽ നമുക്കും അദ്ധ്വാനിക്കാം. ആശ്വാസവും സുരക്ഷിതത്വവും തൃപ്തിയും കൂട്ടായ്മയും അനുഭവിച്ച് വലിയ പ്രത്യാശയോടെ നമുക്കും ജീവിക്കാം. എലീമേലെക്കിന്റെ വയൽപോലെ തരിശാകാതെ നമുക്ക് സൂക്ഷിക്കാം. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ. (ജയ്സൺ ഡി. ജോസഫ് ചെയ്ത വചന ശുശ്രൂഷ ആധാരമാക്കി) ●

## സുവിശേഷ വയലിലേക്ക്

**ചേറുംകുളം :** ഈ സഭയിലുള്ള സഹോ. ബിനു ജോസ് പൂർണ്ണസമയം സുവിശേഷവേലയ്ക്കുവേണ്ടി വേർതിരിഞ്ഞ വിവരം സന്തോഷത്തോടെ അറിയിക്കുന്നു. താൻ സഭയിലുള്ള ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് സഭയിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിച്ചു വരുന്നു. സഹോദരന് ഭാര്യയും ഒരു കുഞ്ഞും ഉണ്ട്. ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് സഭയ്ക്കു വേണ്ടി എം.എം. വർഗ്ഗീസ്, റ്റി. ജോയിച്ചൻ, പി.റ്റി. ജോസ്. വിലാസം Binu Jose, Pullolil House, Thenkara, Palghat-678761, Ph: 9961262748.

**പുത്തനമ്പലം :** സഹോ. എ.പി. ഡാനിയേലിന്റെ ശുശ്രൂഷയും സഹകരണവും വളരെ പ്രയോജമുള്ളതായി ഐവർകാല റഹബോത്ത് ബ്രദ്റൺ സഭയ്ക്കു ബോധ്യം വന്നിട്ടുള്ളതിനാൽ ഈ സഭയുടെ സുവിശേഷകനായി തന്നെ അംഗീകരിച്ചിരിക്കുന്നതായി അറിയച്ചുകൊള്ളുന്നു. വിലാസം എ.പി. ഡാനിയേൽ, ആലക്കോട്ടു വീട്, ഐവർകാലാ, പുത്തനമ്പലം പി.ഒ., 691553. സഭയ്ക്കു വേണ്ടി എം. ലൂക്കോസ്, ജെ. ശാമുവേൽ, ഡി. ഇസ്ഹാക്ക്. സഭയുടെ എഴുത്തുകുത്തുകൾ ജോൺ ഡാനിയേൽ, പാലവിള വീട്, ഐവർകാല നടുവിൽ, പുത്തനമ്പലം പി.ഒ.-691553 എന്ന വിലാസത്തിൽ ആയിരിക്കണം.

# വാഴ്ത്തുമിന്നുമെന്നുമെന്നും

**റെജി പോൾ, കാനഡ**

**ആ**കാശ നീലിമയിൽ നീ
അനുനിമിഷവും കോറിയിടുന്നോരോ
ചിത്രങ്ങളത്രയും കണ്ടിട്ടില്ല - ഞാനെങ്കിലും
അവർണ്ണനിയം തവ സൗന്ദര്യം
വാഴ്ത്തുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

ആഴക്കടലിന്നാഴങ്ങൾ കണ്ടിട്ടില്ല - ഞാനെങ്കിലും
മഹാനക്രത്തിനും വാസമൊരുക്കും - നിൻ
സൃഷ്ടി വൈഭവം വിവരിപ്പാനസാദ്ധ്യം
വാഴ്ത്തുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

സൂര്യകിരണങ്ങളേറ്റതിൻ
ശക്തിയും പ്രഭയും കണ്ടിട്ടുണ്ടെങ്കിലും
അരുണനോടടുക്കാവതല്ലെന്നറിഞ്ഞതിൽ
സ്രഷ്ടാവാം ദൈവത്തിൻ സാമീപ്യം കാംക്ഷിച്ച്
നമിക്കുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

നക്ഷത്ര ലക്ഷങ്ങൾ താണ്ടിപോയിട്ടില്ല ഞാനെങ്കിലും
അതിനപ്പുറവും നിൻ സൃഷ്ടി എന്തോരാശ്ചര്യം
നമിക്കുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ
ഭാഷ, ജാതി, നിറം, രാജ്യഭേദമില്ലാതെ-
ആവോളം ശ്വസിപ്പാൻ നൽകുമീ വായു
ഗോചരമല്ലെങ്കിലുമെൻ ശ്വാസത്തിന്നുടയവനെ
വാഴ്ത്തുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

പാപിയായ് പിറന്നോരെന്നെ മുൻ കണ്ടു നീ
സ്വർഗ്ഗം വെടിഞ്ഞീ, ഭൂവിലവതരിച്ചു മനുജനായ്
പാടുകളേറെ സഹിച്ചതാം -നിൻ
ആണിപ്പാടുകൾ കണ്ടിട്ടില്ല ഞാനെങ്കിലും
ആയതെൻ പേർക്കെന്നോർത്തു
വാഴ്ത്തുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

തിരുപ്പാദത്തിലാഴ്ന്നിറങ്ങിയ കാരിരുമ്പാണികൾ
സ്നേഹമായെൻ ഹൃദയത്തിന്നാഴത്തിൽ
തറച്ചല്ലോ നാഥാ!
താവകസ്നേഹത്തിന്നാഴമറിഞ്ഞിഹേ
നമിക്കുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

ശിരസ്സിൽ മുൾക്കിരീടം വച്ചോരുനേരം
വമിച്ചതാം രക്തവും
കുന്തമുനയേറ്റ നിൻ ചങ്കിലെ ചോരയും
വെള്ളവും പുറപ്പെട്ടെൻ
പാപശുദ്ധിക്കായെന്നോർത്തു
നമിക്കുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

കാലം ഇരുണ്ടു മനുഷ്യഹൃദയം പോൽ
തിരിച്ചേല്പിച്ചു പ്രാണനെ
പിതാവിൻ കരങ്ങളിൽ - അതും
എനിക്കെന്നോർത്തീ സാധു ഞാൻ
വാഴ്ത്തുന്നു ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

മൂന്നു നാൾ മണ്ണിൽ മറഞ്ഞോരു സ്നേഹം
കല്ലറ ഭേദിച്ചുയിർത്തതാൽ
പാപമതിൻ ശക്തിയും
സാത്താന്റെ ശക്തിയുമൊന്നുപോൽ
തകർത്തുയിരോടെ,
സ്വർഗ്ഗഗേഹേ പോയോരു നാഥാ -അതും
എനിക്കായ് പക്ഷവാദം ചെയ്‌വാനെന്നോർത്തു
വാഴ്ത്തുന്നു, ഞാനെൻ സ്രഷ്ടാവാം ദൈവത്തെ

വീടൊരുക്കി വീണ്ടും വരുമെന്നരുളിയ നാഥാ
ഒരുക്കട്ടെ, ഞാനെന്നെത്തന്നെ
നിൻ വരവിനായ് ദിനവും
ഒന്നായ് ചേർന്നീടുമന്നാളിൽ
വാഴ്ത്തും ഞാനെൻ ദൈവത്തെ മുഖദാവിൽ

---

## അഭ്യർത്ഥന

**അച്ചടിപ്പാറ :** അച്ചടിപ്പാറ എന്ന സ്ഥലത്ത് 1956 -ൽ ഒരു സഭാകൂടിവരവ് ആരംഭിച്ചു. ഇപ്പോൾ 10 കുടുംബങ്ങളിൽ നിന്നായി 40 ൽ അധികം പേർ കൂടിവരുന്നു. 30 പേർ കർത്തൃമേശയിൽ സംബന്ധിക്കുന്നവരാണ്. 25 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച സഭാഹാളിൽ കൂടിവരവിന് സ്ഥലപരിമിതിയുണ്ട്. ഈ സഭാഹാളിൽ അല്പംകൂടി വിപുലപ്പെടുത്താനായി (20 x 35) ഞങ്ങൾ ആഗ്രഹിച്ച് പ്രാർത്ഥിച്ചുവരുന്നു. ഏകദേശം 50,000 രൂപയോളം സഭയിൽ നിന്നും ക്രമീകരിച്ച് പ്രാരംഭപണികൾ കുറേ ചെയ്തു. ഇതിന്റെ ആവശ്യത്തിലേക്കായി 2,50,000 രൂപയോളം വേണ്ടിവരും. ഇവിടെയുള്ള വിശ്വാസികൾ കൂലിവേലക്കാരും സ്ഥിരവരുമാനം ഇല്ലാത്തവരുമാണ്. സഭകളുടെയും വ്യക്തികളുടെയും സഹായസഹകരണങ്ങൾ കർത്തൃനാമത്തിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു. സഭയുടെ ആവശ്യത്തിനായി സുവി. ജോൺ മാത്യു, സി. പി.കുഞ്ഞൂട്ടി, സജോ തങ്കച്ചൻ എന്നിവരെ ചേർത്ത് ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിങ്ങളുടെ വിലയേറിയ കൂട്ടായ്മകൾ Bethel Brethren Assembly, SBI, Vechoochira - Joint A/c No. 30668009909 എന്ന് എഴുതി താഴെക്കാണുന്ന വിലാസത്തിൽ അയച്ചു തരുവാൻ അറിയിച്ചുകൊള്ളുന്നു. വിലാസം Sajo Thankachan, Chennamala (H), Vechoochira P.O, Kunnam - 686 511, Ph: 04735 - 265678. എന്ന് ഫിലിപ്പ് ജോസഫ്, സി.പി. കുഞ്ഞൂട്ടി, സജോ തങ്കച്ചൻ, ജോൺ മാത്യു. ഇവിടെയുള്ള പ്രവർത്തനങ്ങളെപ്പറ്റിയും സഭാഹാളിന്റെ പരിമിതികളെപ്പറ്റിയും എനിക്ക് അറിവുള്ളതാണ്. ഹാൾ പൊളിച്ച് വലിപ്പത്തിൽ പണിയേണ്ടത് ആവശ്യമായിരിക്കുന്നതിനാൽ സഭയായും വ്യക്തികളായും സഹായം നൽകുവാൻ ശിപാർശ ചെയ്തു കൊള്ളുന്നു. K.V. George SAI. Member.

## വിലാസമാറ്റം

1).Evg. K.V. Jose, Kuttianickal House, May Flower Apartment Laine, North Janatha Road, Palarivattam P.O., Cochin - 682025
2). K.P. Mathew വിന്റെ മേൽവിലാസം Evg. K.P. Mathew, Kananilkunnathil, Alayam Kavala Colony, Mukkada-686544. Mob No. 9846495170.

# അതുല്യനായ ദാതാവ്

എ.എം. ശാമുവേൽ, കോട്ടയം

ദാനങ്ങൾ ലഭിക്കുന്നത് ഏവർക്കും സന്തോഷം നൽകുന്ന കാര്യമാണല്ലോ. കുഞ്ഞുങ്ങൾ തങ്ങളുടെ മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ മുൻപിൽ ആവശ്യങ്ങളുമായി സമീപിക്കയും അതു കിട്ടിക്കഴിഞ്ഞാൽ അത്യന്തം ആഹ്ലാദിക്കുകയും ചെയ്യുന്നതു നാം കണ്ടുവരുന്നു. പ്രായമാകുംതോറും യഥാർത്ഥ ആവശ്യങ്ങളെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങൾക്കു മാറ്റമുണ്ടായിക്കൊണ്ടിരിക്കും. നമ്മുടെ കർത്താവു പറഞ്ഞു, "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം" (അപ്പൊ. 20:35). പ്രഥമ നോട്ടത്തിൽ ഈ വാക്കുകൾ നമ്മെ നിരുത്സാഹപ്പെടുത്തിയേക്കാം. തീർച്ചയായും ഇങ്ങോട്ടു ലഭിച്ചുകൊണ്ടിരിക്കാനാണല്ലോ നാം ഇഷ്ടപ്പെടുക. എന്നാൽ നമ്മുടെ കർത്താവിന്റെ വാക്കുകൾ എത്രയോ അന്വർത്ഥമാണെന്ന് അനുഭവസ്ഥർ അറിയുന്ന വസ്തുതയാണ്.

തങ്ങൾക്ക് എന്തെങ്കിലും ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ മാത്രം വരുന്ന ചിലരെയെങ്കിലും നമ്മുടെ പ്രാദേശിക സഭകളിൽ കണ്ടേക്കാം. സഭയിലെ ഏതെങ്കിലും ഉത്തരവാദപ്പെട്ട സംരംഭങ്ങളിൽ ഏർപ്പെടാൻ അവർ തുലോം വിമുഖരാണ്. അവർക്കു പറ്റിയതെന്നു തോന്നുന്ന കൂടിവരവുകളിലേ അവർ സംബന്ധിക്കാറുള്ളൂ. വന്നാൽതന്നെ കഴിവതും മൗനമായിരിക്കാൻ അവർ ഇഷ്ടപ്പെടുന്നു. സഭയിലെ ഏറ്റവും സന്തുഷ്ടരായ വിശ്വാസികളാണിവർ എന്നു നാം ചിന്തിച്ചുപോകും. കാരണം അവർക്കു വല്ലതും കിട്ടുന്നതല്ലാതെ കയ്യിൽ നിന്നും ഒന്നും നഷ്ടപ്പെടുന്നില്ലല്ലോ. എന്നാൽ യഥാർത്ഥ സ്ഥിതി നേരെ മറിച്ചാണ്. സഭാനടപടികളെ കൂടുതൽ വിമർശിക്കുകയും പല കാര്യങ്ങളിലും പരാതിപ്പെടുകയും തങ്ങളുടെ ഇംഗിതമനുസരിച്ച് കാര്യങ്ങൾ നടക്കുന്നില്ലെങ്കിൽ ദുർമുഖം കാണിക്കയും ചെയ്യുന്നവരാണിവർ. യഥാർത്ഥത്തിൽ സഭയിലും ക്രിസ്തീയ ജീവിതത്തിലും സന്തുഷ്ടരായിരിക്കുന്നത് കൊടുക്കുന്ന കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന വിശ്വാസികളത്രെ.

കുടുംബജീവിതം തന്നെ ശ്രദ്ധിക്കുക. വിവാഹിത/വിവാഹിതനാകുന്നതോടെ തങ്ങൾക്ക് എന്തെല്ലാം നേട്ടമുണ്ടാകും എന്നു കണക്കുകൂട്ടുന്ന സ്ത്രീ/പുരുഷന്മാരെ ഇക്കാലങ്ങളിൽ ധാരാളമായി കാണുവാൻ കഴിയും. ഭാര്യയ്ക്ക്/ഭർത്താവിനു വേണ്ടി എന്തെങ്കിലും ത്യാഗം സഹിക്കുക എന്നത് അവരുടെ ചിന്തയിൽ ഉണ്ടായിരിക്കയില്ല. തങ്ങളുടെ അഭീഷ്ടത്തിനൊത്തു 'കൂട്ടാളി' ഏതൊക്കെ കാര്യങ്ങൾ ക്രമീകരിക്കണം എന്ന ഒരു ലിസ്റ്റ് അവർ തയ്യാറാക്കി വച്ചിട്ടുണ്ടാകും. യേനകേന പ്രകാരേണ തങ്ങളുടെ ഇഷ്ടപ്രകാരം കാര്യങ്ങൾ നടന്നുകിട്ടാൻ വേണ്ട തന്ത്രങ്ങൾ അവർ രൂപപ്പെടുത്തും. ഇതെല്ലാം സാധിച്ചു കിട്ടിയാലും ഇവരേപ്പോലെ അതൃപ്തരും അസന്തുഷ്ടരുമായ വ്യക്തികളെ കണ്ടുകിട്ടാൻ പ്രയാസമായിരിക്കും. മാതാപിതാക്കളോടോ കൂട്ടുകാരോടോ വഴക്കടിച്ചും ഹേമിച്ചും ഭീഷണിപ്പെടുത്തിയും കാര്യങ്ങൾ നേടിയെടുക്കുന്ന ഒരു പൈതൽ വളർന്നു വരുമ്പോൾ സമൂഹത്തിന് ഒരു പ്രശ്നമായിത്തീരാനാണിടയുള്ളത്. അവരെ 'വഷളാക്കപ്പെട്ട' (Spoiled children) കുട്ടികൾ എന്നാണു പറയുക. ബാല്യത്തിൽ തന്നെ ഒരു കുഞ്ഞിനെ അതിന്റെ ആവശ്യങ്ങൾക്കു കടിഞ്ഞാണിടാൻ പഠിപ്പിച്ചില്ലെങ്കിൽ അവൻ തന്നിഷ്ടക്കാരനും ലക്ഷ്യബോധമില്ലാത്തവനുമായേ വളർന്നു വരൂ.

നമ്മുടെ ജീവിതത്തിൽ കർത്താവിന്റെ വാക്കുകൾ എങ്ങനെ പകർത്തുവാൻ കഴിയും?

ആവശ്യത്തിലിരിക്കുന്ന ഒരു വ്യക്തിയെ ഏതെങ്കിലും വിധത്തിൽ നാം സഹായിക്കുമ്പോൾ ആ വ്യക്തിയിലുണ്ടാകുന്ന പ്രതികരണങ്ങൾ നമ്മെ എത്രയോ സംതൃപ്തരാക്കിത്തീർക്കും. അതെ! വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം തന്നെ. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്ന് ഇറങ്ങി വരുന്നു" (യാക്കോ. 1:17).

ഈ നല്ല ദൈവത്തെപ്പോലെ വേറൊരു ദാതാവില്ല. നാം ദാനങ്ങൾ കൊടുക്കുന്നതു നമ്മുടെ സ്നേഹിതർക്കും ഇഷ്ടപാത്രങ്ങൾക്കുമാണല്ലൊ. ദൈവമോ ശത്രുക്കളായിരിക്കുമ്പോഴത്രെ നമ്മെ സ്നേഹിച്ചത്.

സ്വന്ത പുത്രനെ ആദരിയാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ" (റോമർ 8:32).

നിത്യതയിലും നമുക്കു സന്തോഷവിഷയമായിരിക്കുന്ന ഈ ദാനത്തിനായി ദൈവത്തിനു മഹത്വം കരേറ്റാം. "പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം" (2 കൊരി. 9:15).

(കടപ്പാട്)

## ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.105-ചോദ്യം

**വിഷയം : പ്രതിഫലം**

**വായനാഭാഗം** : ഉല്പ. 14, 15, രൂത്ത് 2, സദൃ. 11, മത്താ. 6, കൊലൊ. 3, 2 കൊരി. 5, വെളി.22.

I. (a) അബ്രഹാം ചെയ്ത ഉപകാരത്തിന് സോദോം രാജാവ് കൊടുത്ത പ്രതിഫലം അബ്രഹാം വാങ്ങാതിരുന്നത് എന്തുകൊണ്ട്?

(b) ദൈവം അബ്രഹാമിന് കൊടുത്ത പ്രതിഫലം എങ്ങനെയുള്ളത്?

II. ഭർത്താവ് മരിച്ച ശേഷം രൂത്ത് മക്കളില്ലാത്ത അമ്മായിയമ്മയ്ക്ക് ചെയ്ത സഹായത്തിനും തന്റെ സ്വന്ത അപ്പനെയും അമ്മയേയും സ്വദേശത്തെയും വിട്ട്, മുമ്പേ അറിയാത്ത ദേശത്തേക്ക് അമ്മായിയമ്മയോടുകൂടെ പോന്നതിനും യഹോവ രൂത്തിനുകൊടുത്ത അനുഗ്രഹം കൂടാതെ അവൾക്ക് 'യഹോവ പൂർണ്ണപ്രതിഫലം തരുമാറാകട്ടെ' എന്ന് ബോവസ് അനുഗ്രഹിച്ചതിന്റെ കാരണം എന്ത്?

III(a). വൃഥാ ലാഭം ഉണ്ടാക്കുന്നത് ആര്?

(b) വാസ്തവമായ പ്രതിഫലം കിട്ടുന്നത് ആർക്ക്?

IV(a). 'നീതി' ചെയ്യുന്നെങ്കിലും സ്വർഗ്ഗത്തിലുള്ള പിതാവിന്റെ പക്കൽ പ്രതിഫലമില്ലാത്തത് ആർക്ക്? (എന്തുകൊണ്ട്?)

(b) നിങ്ങൾ ചെയ്യുന്നത് ആര് അറിയരുത്? രഹസ്യത്തിൽ ചെയ്യുന്നതിന് ആരു പ്രതിഫലം തരും?

V. നിങ്ങൾ ചെയ്യുന്നത് ഒക്കെയും ആർക്ക് (മനുഷ്യർക്ക്/കർത്താവിന്) എന്നപോലെ ചെയ്യണം? അവകാശമെന്ന പ്രതിഫലം തരുന്നത് ആര്?

VI. നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടണം. എന്തിന്?

VII. പ്രതിഫലം ആരുടെ പക്കൽ? (a) ആർക്കെല്ലാം (b) എത്രത്തോളം? (c) എന്നു കിട്ടും?

ആർക്കും ഉത്തരം എഴുതാം. പേരും പൂർണ്ണവിലാസവും ആദ്യം എഴുതി അടിയിൽ ഒപ്പിട്ടേ തീരൂ. ആദ്യം വേദഭാഗം കുറിച്ച്, പൂർണ്ണവാചകത്തിൽ ഉത്തരം എഴുതണം. ഒത്തുവാക്യത്തിലും വാക്യനമ്പരും ആശയവും എഴുതാൻ മറക്കരുതേ. ഓരോന്നിനും അഞ്ചിൽ കൂടുതൽ ഒത്തുവാക്യം വേണ്ട. അക്ഷരത്തെറ്റ് ഒഴിവാക്കി സ്പഷ്ടമായി എഴുതിയാലും. 15-5-09 വരെ കിട്ടുന്ന ഉത്തരത്തിന്റെ മാർക്ക് മാസികയിൽ ചേർക്കാം.

**വിലാസം : ബൈബിൾ പ്രശ്നാവലി, C/o ആത്മപ്രകാശിനി, കുമ്പനാട് പി.ഒ. - 689547.**

**PS. പ്രശ്നാവലി നം. 103 ന് മിസ്സിസ് ഏലിയാമ്മ പൗലോസ് (തൃശൂർ) 188 മാർക്ക് നേടിയത് മാസികയിൽ ചേർക്കാൻ വിട്ടുപോയതാണ്. (ഉത്തരം യഥാസമയം കിട്ടിയിരുന്നു.)**

---

## ദൈവത്തിന്റെ വഴി

1) ദൈവം കല്പിച്ചിട്ടുള്ള വഴി (മാർഗ്ഗം). ആവ. 5:33; പ്രവൃ. 18:26
2) വെളിച്ചത്തിന്റെ വഴി - ഇയ്യോ. 24:13
3) അവന്റെ (നിന്റെ) സാക്ഷ്യങ്ങളുടെ വഴി. സങ്കീ. 119:14
4) അവന്റെ പ്രമാണങ്ങളുടെ വഴി 119:27
5) വിശ്വസ്തതയുടെ വഴി (മാർഗ്ഗം) 119:30
6) അവന്റെ കല്പനകളുടെ വഴി. 119:32,33
7) ജീവന്റെ വഴി. സങ്കീ. 16:11, സദൃ.5:6
8) ന്യായത്തിന്റെ വഴി (പാത). സദൃ. 2:8; യെശ 40:14
9) നല്ല വഴി. യിര. 6:16
10) ജീവനുള്ള പുതുവഴി. എബ്രാ. 10:19
11) സീയോനിലേക്കുള്ള വഴി. വിലാ. 1:4; സങ്കീ.84:5
12) കർത്താവിന്റെ വഴി. യെഹ. 18:25
13) ജീവങ്കലേക്കുള്ള വഴി. മത്താ. 7:14
14) നടക്കേണ്ടുന്ന വഴി. സങ്കീ. 32:8; 143:8; സദൃ. 22:6
15) നീതിമാന്മാരുടെ വഴി. സങ്കീ. 1:6, യെശ. 26:7
16) നിഷ്കളങ്ക മാർഗ്ഗം. സങ്കീ. 101:2,6
17) ശാശ്വത മാർഗ്ഗം. സങ്കീ. 139:24
18. വിശുദ്ധ വഴി. യെശ.35:8
19) സമാധാനത്തിന്റെ വഴി. യെശ. 59:8; റോമ. 3:17
20) രക്ഷാമാർഗ്ഗം. പ്രവൃ. 16:17
21) നീതിയുടെ മാർഗ്ഗം സദൃ. 8:21
22) സത്യമാർഗ്ഗം. 2 പത്രോ. 2:2

## ഒരു അനുസ്മരണം

# അച്ചാമ്മ ജോർജ്ജ്, വയനാട്

റ്റി.ജി. ബെന്നി, ബാംഗ്ലൂർ

**കൊ**ല്ലവർഷം 1100 ൽ മേല്പാടത്ത് ചക്കിട്ടയിൽ ചെറിയാൻ കോശിയുടെയും പെണ്ണമ്മയുടെയും മൂത്തമകളായി അച്ചാമ്മ ജനിച്ചു. കെ.വി. സൈമൺ സാറിന്റെ ഒരു ഉണർവ്വ് യോഗത്തിൽ വച്ച് കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച് ദൈവമകളായിത്തീർന്നു. ഉമയാറ്റുകര തകരക്കണ്ടത്തിൽ ഉണ്ണൂണ്ണി എന്നു വിളിച്ചിരുന്ന റ്റി.ഐ. ജോർജ്ജിന്റെ ഭാര്യയായി. ഉമയാറ്റുകരയിൽ നിന്നും വയനാട്ടിൽ മാനന്തവാടി എന്ന സ്ഥലത്തേയ്ക്ക് മാറിത്താമസിച്ച ഈ കുടുംബം ബ്രദറൺ വിശ്വാസികളും സഭകളും ഇല്ലാതിരുന്ന ആ കാലത്ത് മാനന്തവാടിയിൽ ബ്രദറൺ സഭാകൂടിവരവ് ആരംഭിക്കുവാൻ മുഖാന്തിരമായിത്തീർന്നു. മാത്രമല്ല, സഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചു. 1981 ൽ പിതാവ് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. മാതാവ് രോഗിയായിരുന്നുവെങ്കിലും ആത്മീക കാര്യങ്ങളിൽ വളരെ ശുഷ്കാന്തിയുള്ളവളായിരുന്നു. തീരെ കിടപ്പാകുന്നതുവരെ സഭാകൂടിവരവുകൾ ഒന്നും മുടക്കാതെ പങ്കെടുക്കുന്നതിൽ വളരെ ഉത്സാഹിയായിരുന്നു. പിതാവിന്റെ മരണശേഷം കുടുംബപ്രാർത്ഥന മാതാവ് മുൻകൈയെടുത്ത് നിർവ്വഹിച്ചിരുന്നു. പരിമിതികളുണ്ടായിരുന്നപ്പോഴും അതിഥി സൽക്കാരത്തിലും ദൈവജനത്തേയും ദൈവദാസന്മാരേയും ശുശ്രൂഷിക്കുന്നതിൽ വളരെ തല്പരയായിരുന്നു. ഒരിക്കൽ കുടുംബപ്രാർത്ഥനയുടെ സമയത്ത് തനിക്ക് ഏറ്റവും ഇഷ്ടമായിരുന്ന ഗാനം "ആരുമില്ലാ നീയൊഴികെ ചാരുവാനൊരാൾ" എന്ന് പാടിക്കൊണ്ടിരുന്നപ്പോൾ വീട്ടിൽ ജോലിക്കു നിന്നിരുന്ന ഗോവിന്ദൻ എന്ന വ്യക്തിയുടെ ഹൃദയത്തിൽ ഈ ഗാനം ആഴമായി പതിഞ്ഞു. ഉറ്റവരും ഉടയവരും ഇല്ലാതിരുന്ന തന്നെ ആ ഗാനം വളരെയധികം ചിന്തിപ്പിച്ചു. അതുമൂലം തനിക്ക് കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച് കർത്താവിന്റെ കല്പനയനുസരിച്ച് സഭയോടു ചേരുവാൻ കാരണമായി. പിന്നീട് കുടുംബവും ഉറ്റവരും ഉടയവരുമുള്ള ഒരു വ്യക്തിയായിത്തീരുവാൻ ഭാഗ്യം ലഭിച്ചു. വളരെ കുറച്ചുനാൾ രോഗിയായി മകൻ റ്റി.ജി. രാജുവിന്റെ ഭവനത്തിൽ ആയിരുന്ന പ്രിയ മാതാവ് (85) താൻ പ്രിയം വെച്ചിരുന്ന കർത്തൃസവിധം ഫെബ്രു. 18 ന് ചേരുവാനിടയായി. 4 പെൺമക്കളെയും 2 ആൺമക്കളെയും ദൈവകൃപയിൽ വളർത്തി. അവരും അവരുടെ കുടുംബങ്ങളും കൊച്ചുമക്കളും ദൈവഭാഗത്ത് നില്ക്കുന്നത് കാണുവാനുള്ള ഭാഗ്യം പ്രിയ മാതാവിന് ലഭിച്ചു. ഫെബ്രു. 19 ന് മാനന്തവാടി - കോയിലേറി സഭയുടെ ചുമതലയിൽ നടന്ന ശവസംസ്കാരശുശ്രൂഷയിൽ അയൽസഭകളിൽ നിന്നും കടന്നുവന്ന ദൈവമക്കളും ബന്ധുമിത്രാദികളും അനേക ദൈവദാസന്മാരും പങ്കെടുത്ത് അനുസ്മരണകളും ആശ്വാസദൂതുകളും നൽകി. പ്രിയ മാതാപിതാക്കളുടെ മാതൃക പിൻപറ്റി മുന്നോട്ടു പോകുവാൻ മക്കളായ ഞങ്ങൾക്ക് ഏവർക്കും ഇടയാകേണ്ടതിനായി ദൈവമക്കൾ പ്രാർത്ഥനയിൽ ഓർത്താലും

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ഇടുക്കി :** 2008 ഡിസം. 15-17 വരെ എം.കെ. ജെയിംസ്, ആന്റണി ഫിലിപ്പ്, പി.ഡി. വർഗ്ഗീസ്, രാജൻ മാത്യു, റോയി പോൾ, ബിജു ദേവസ്യ, അജി സി.ഫിലിപ്പ് എന്നിവരുടെ സഹകരണത്തിൽ ഹൈറേഞ്ചിലെ 40 ഗ്രാമങ്ങളിൽ സുവിശേഷ പ്രസംഗങ്ങളും ലഘുലേഖ വിതരണങ്ങളും നടത്തി. ജെയിംസ് ജോൺ ഗാനങ്ങൾ ആലപിച്ചു. പുതിയ സ്ഥലം സഭകൾ സ്ഥാപിതമാകുന്നതിനും ഹൈറേഞ്ചിലെ സഭകൾക്ക് അനുഗ്രഹമാകുന്നതിനും പ്രാർത്ഥിക്കണമെ. എന്ന് ബിജു ദേവസ്യ Ph: 9961893883, രാജൻ മാത്യു Ph: 9747264276 വിലാസം. ബിജു ദേവസ്യ, അമ്പഴമാക്കൽ വീട്, വാഴവര പി.ഒ., കട്ടപ്പന - 685515

**കാരിച്ചാൽ** : കാരിച്ചാൽ - പായിപ്പാട് എബനേസർ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ പരസ്യയോഗങ്ങളും രാത്രി യോഗങ്ങളും ക്രിസ്തീയ ഫിലിം പ്രദർശനവും നടത്തി. തന്മൂലം ചിലർ രക്ഷിക്കപ്പെടുവാനും അനേകർ ദൈവവചനം കേൾക്കുവാനും ഇടയായി. ഞായറാഴ്ച സ്നാനശുശ്രൂഷയും ഉണ്ടായിരുന്നു. പ്രസംഗകരായി സാമുവേൽ റ്റി. ഫിലിപ്പ് , കെ.വി. തോമസ്, ജോർജ്ജ് ചാക്കോ, പി.വി.ജോൺസൺ, സലീംകുമാർ എന്നിവർ ഉണ്ടായിരുന്നു. ഗാനശുശ്രൂഷയും പ്രഷ്യസ് ലൈഫ് മിനിസ്ട്രിയുടെ ഫിലിം പ്രദർശനവും നടന്നു. ഇവിടെയുള്ള പ്രവർത്തനങ്ങളിൽ പ്രൊഫ. ജേക്കബ് തോമസ് കല്ലിശ്ശേരി സഹകരിക്കുന്നു. ഈ സഭയേയും പ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിക്കണമെ. എന്ന് പി.സി. തങ്കച്ചൻ ഇവാ. വർഗ്ഗീസ് മത്തായി, എബനേസർ ബ്രദ്റൺ അസംബ്ലി, കോട്ടപ്പുറത്ത് ഹൗസ്, പായിപ്പാട്, ഹരിപ്പാട് - 690556

**മുതുകുളം** (ചേപ്പാട്) : ചേപ്പാടിനു 10 കി.മീ. തെക്കു പടിഞ്ഞാറായി കായലോരപ്രദേശമായ കനകക്കുന്ന്, മുതുകുളം, പുതിയവിള പ്രദേശങ്ങളിൽ സഭയായി പ്രവർത്തിച്ചതിന്റെ ഫലമായാണ് ഒരു പുതിയ സഭാകൂടിവരവ് മുതുകുളത്ത് ആരംഭിക്കുവാൻ ഇടയായത്. ആർ ദേവരാജൻ, എസ്. രാജേന്ദ്രൻ എന്നിവർ ഈ പ്രദേശത്തുനിന്നു തന്നേ മുമ്പോട്ടുവന്നു വേലയ്ക്കായി വേർതിരിഞ്ഞവരാണ്. സുവി. രാജേന്ദ്രൻ ഇപ്പോൾ ഇവിടെ താമസിച്ചു പ്രവർത്തിക്കുന്നു. 3 പേരുടെ സ്നാനം ഫെബ്രു. 21 ന് നടത്തു

കയും ഫെബ്രു. 22 ഞായറാഴ്ച വിവിധ സ്ഥലംസഭക ളിൽ നിന്നു കടന്നുവന്ന ദൈവമക്കൾ ഒന്നിച്ചുകൂടിയുള്ള ആരാധനയോടെ സുവിശേഷകന്റെ ഭവനത്തിൽ ഒരു കൂടി വരവ് ആരംഭിക്കുകയുമുണ്ടായി. ഈ പുതിയ കൂടിവര വിനെയും ഇവിടെ പ്രവർത്തിക്കുന്ന സഹോദരനെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും. പുതിയ സഭ യ്ക്കുള്ള എല്ലാ കത്തിടപാടുകളും എബനേസർ ബ്രദ്റൺ അസംബ്ലി, C/oഎസ്. രാജേന്ദ്രൻ ഗോസ്പൽ ഭവൻ, മുതു കുളം പി.ഒ., ആലപ്പുഴ - 690506 എന്ന വിലാസത്തിൽ അയച്ചാലും. എന്ന് സാമുവൽ തോമസ്, ആർ. ദേവരാ ജൻ.

**വാഗമൺ :** 2009 ഫെബ്രു. 19,20,21 തീയതികളിൽ വാഗമണ്ണിലും പരിസരപ്രദേശങ്ങളിലും അനേകഭവനങ്ങ ളിലും സുവിശേഷം അറിയിച്ചു. ഈ പ്രവർത്തനം മൂലം അനേകർ രക്ഷയിലേക്ക് വരുവാനും ഇടയായി. വിവിധ സ്ഥലംസഭകളിൽ നിന്നും സുവിശേഷകന്മാരും സഹോ ദരന്മാരും ഈ പ്രവർത്തനങ്ങളിൽ സഹകരിച്ചു. കഴിഞ്ഞ 10 വർഷത്തിലധികമായി കെ.എസ്. ഗോപാലകൃഷ്ണൻ ഈ സ്ഥലത്ത് പ്രവർത്തിച്ചതിന്റെ ഫലമായി 2000 മുതൽ ഇവിടെ ഒരു സ്ഥലം സഭാകൂടിവരവ് ആരംഭിക്കുവാനും കർത്താവ് കൃപ ചെയ്തു. ദൈവജനം ഇവിടെയുള്ള സഭ യേയും പ്രവർത്തനങ്ങളേയും സുവിശേഷകനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കുകയും സഹ കരിക്കുകയും ചെയ്താലും. എന്ന് വാഗമൺ ബ്രദറൺ സഭയ്ക്കുവേണ്ടി P. Vellaswamy, Vijay, K.S. Gopalakrishnan (Evg). P.O. Box. 2., Vagamon P.O., Idukki - 685503

**കന്നുമാമൂട് :** 2009 ജനു. 10 ന് ഒരു സ്നാന ശുശ്രൂഷയോടുകൂടി 11 ന് പുതിയനിയമസഭാ ഉപദേശ മാതൃകയിൽ ഒരു സ്ഥലംസഭാകൂടിവരവ് ആരംഭിച്ചു. ഈ ശുശ്രൂഷകളിൽ അയൽ സ്ഥലംസഭകളിലെ സഹോദര ന്മാർ സഹകരിച്ചു. ഇപ്പോൾ 12 വീടുകളിൽ നിന്നുമായി 18 പേർ കർത്തൃമേശയോടുകൂടി കർത്താവിനെ ആരാധി ക്കുന്നു. 40ലധികം പേർ സംബന്ധിക്കുന്നു. ഒരു വീട്ടിൽ വച്ചാണ് കൂടിവരവുകൾ നടന്നുവരുന്നത്. ഇവിടെ ഇവാ. എം. ധർമ്മരാജ് കുടുംബമായി ഒരു വാടകവീട്ടിൽ താമ സിച്ചു കർത്തൃവേല ചെയ്തുവരുന്നു. പുതിയതായി രൂപം കൊണ്ട സ്ഥലംസഭയേയും സുവിശേഷകനെയും കുടും ബത്തേയും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കു കയും ചെയ്യണമേയെന്ന് അഭ്യർത്ഥിക്കുന്നു. വിലാസം Evg. M. Dharma Raj, Kavuvila Veedu, Puravoor, Kannumamoodu P.O., K.K. District-629 170. എം. ധർമ്മ രാജ്, സി.കെ. ലോറൻസ്, മാത്യു എം.ജെ., ശശി എൽ.

**കുന്നൻപാറ** (തിരുവനന്തപുരം) **:** വൈ.എം.ഇ.എ ഫിന്റെ ചുമതലയിൽ 2009 ഫെബ്രു. 20, 21, 22 തീയതിക ളിൽ 2 ദിവസത്തെ സുവിശേഷ പ്രവർത്തനങ്ങളും 3 ദിവ സത്തെ സുവിശേഷ യോഗങ്ങളും നടന്നു. പ്രവർത്തന ങ്ങളിൽ ചിലരൊക്കെ കർത്താവിനെ കണ്ടെത്താനിടയാ യി. വിതയ്ക്കപ്പെട്ടവചനം ഫലകരമായിത്തീരുവാൻ ദൈവജനം പ്രത്യേകാൽ പ്രാർത്ഥിക്കുക. സഭയ്ക്കുവേണ്ടി കെ. തമ്പി, സുവി. എസ്.ജി. ഗിൽബർട്ട്. വിലാസം : Brethren Assembly Kunnanpara, C/o, S.G. Gilbert, St. Mary Church Lane, Maruthanvila veedu, Kunnapuzha, Aramada P.O., T.V.M.-695032.

**മുനമ്പം – വൈപ്പിൻ** : കത്തോലിക്കാ സമുദായത്തിൽ നിന്നും രക്ഷിക്കപ്പെട്ടു വന്ന 3 പേരുടെ സ്നാനം 7-3-09 ൽ നടത്തുവാൻ ദൈവം സഹായിച്ചു. സഹോ. കെ.സി. ഉദയൻ സ്നാനശുശ്രൂഷ നിർവ്വഹിച്ചു. തുടർന്നും പ്രാർത്ഥ നയിൽ ഓർത്താലും. മുനമ്പം സഭയ്ക്കുവേണ്ടി കെ.സി. ഉദയൻ, കെ.എം. ആന്റണി.

**ജി.റ്റി.സി. ഗ്രാജുവേഷനും കുടുംബസംഗമവും**

ജി.റ്റി.സി. വിദ്യാർത്ഥികളുടെ ഗ്രാജുവേഷനും കുടും ബസംഗമവും ഏപ്രിൽ 17, 18, 19 തീയതികളിൽ നടത്ത പ്പെടും. 17, 18 ദിവസങ്ങളിൽ കുടുംബസംഗമവും 19 ഞായർ 2.30 പി.എം.ന് ഗ്രാജുവേഷനും നടത്തപ്പെടുന്നതാണ്. ജി. റ്റി.സി. 2 വർഷ വിദ്യാർത്ഥികൾക്കും കറസ്പോണ്ടൻസ് വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. വർഗ്ഗീസ് കുര്യൻ, ബില്ലി പി. ജേക്കബ്, നെൽസൺ തോമ സ്, ഡോ. കെ.സി. ജോൺസൺ, ഷാലു റ്റി. നൈനാൻ എന്നിവരും മറ്റ് ജി.റ്റി.സി. അദ്ധ്യാപകരും ശുശ്രൂഷകൾ നിർവ്വഹിക്കുന്നതാണ്. അനുഗ്രഹത്തിനായി പ്രാർത്ഥിക്ക ണമേ. ജി.റ്റി.സി.ക്കുവേണ്ടി, പി.ജി. ജെയിംസ് സെക്ര ട്ടറി.

**ബൊക്കാറോ സ്റ്റീൽ സിറ്റി** : ജനു. 19-25 വരെ വയ നാട്ടിൽ വിവിധ സ്ഥലം സഭയോട് ചേർന്ന് ചീരാൽ, അച്ചൻകൊല്ലി, മാനന്തവാടി, താന്നിക്കൽ, പുൽപ്പള്ളി, പാക്കം, ചേരം, നിലമ്പൂർ വള്ളിക്കാട്, പാലെമാട് എന്നീ സ്ഥലങ്ങളിൽ പി.എം. മാത്യു, സാംകുട്ടി, റ്റി.എ. തോമ സ്, മുരളീധരൻ നായർ, എ.എൻ. വത്സലം, കെ. ഗോപാ ലകൃഷ്ണൻ, എന്നിവർ ചേർന്ന് ഒരു ടീം പ്രവർത്തനം നടത്തി. ഈ പ്രവർത്തനംമൂലം സഭകളിലെ വിശ്വാസി കൾക്ക് ആത്മീയ ഉണർവ്വും സന്തോഷവും ഉളവാകുവാൻ ഇടയായി. ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും. K. Gopalakrishnan, Qr. No. 2147/IV-A, Sector IV B.S.City Jharkand. 827 004, India

## വിവിധ വിഷയങ്ങൾ

**പുനലൂർ സെന്റർ :** എസ്.ബി.എസ്. പുനലൂർ സെന്റ റിന്റെ വാർഷിക പൊതുയോഗം 2009 ജനു. 25 ന് രക്ഷാ ധികാരി പി.പി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കലഞ്ഞൂർ സഭാ ഹാളിൽ കൂടി. 08-09 വർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവുചെലവു കണക്കുകളും പാസ്സാക്കി. തുടർന്ന് 09-11 വർഷങ്ങളിലേക്കുള്ള പുതിയ ഭരണസ മിതി അംഗങ്ങളെ തിരഞ്ഞെടുത്തു. രക്ഷാധികാരി പി. പി. മാത്യു, പ്രസിഡന്റ് ജോൺ ഏബ്രഹാം, വൈസ്പ്ര സിഡന്റ് എം.പി. ഫിലിപ്പ്, സെക്രട്ടറി ജോസ് പി. മാത്യു. ജോയിന്റ് സെക്രട്ടിറിമാർ പി.ജി. തോമസ്, ജോൺസ് ജേക്ക ബ്, ട്രഷറാർ രാജു വി. ജോൺസൺ, ഓർഗനൈസേഴ്സ് സി.സി. തോമസ്, ദാനിയേൽ വർഗ്ഗീസ്. ഫെബ്രു. 22 ന് 3.30 ന് ഇളമ്പൽ മേഴ്സി ഹോമിൽ വച്ച് പ്രാർത്ഥനാ യോഗവും ഏപ്രിൽ 14 ന് 10 എ.എമ്മിന് പുനലൂർ ബ്രദ്റൺ സഭാഹാളിൽ വച്ച് ഏകദിന സമ്മേളനവും നട ത്തുവാൻ തീരുമാനിച്ചു. സെക്രട്ടറിയുടെ വിലാസം ജോസ്

പി. മാത്യൂസ്, പുലിവിളയിൽ പെനിയേൽ, വടക്കേടത്തുകാവു പി.ഒ., അടൂർ. 691529, ഫോൺ. 9995071197. സെക്രട്ടറി.

**ചിങ്ങവനം :** പാത്താമുട്ടം സെന്റ് ഗിറ്റ്സ് എൻജിനീയറിംഗ് കോളജിലും കുറിച്ചി ഹോമിയോ മെഡിക്കൽ കോളജിലും മറ്റും പഠനാർത്ഥം വരുന്ന വിശ്വാസികളുടെ മക്കൾക്ക് അവരവർ ബന്ധപ്പെട്ടു നിൽക്കുന്ന സഭയുടെ അറിവോടെ ബ്രദ്റൺ സഭ ചിങ്ങവനത്ത് ആരാധനാ സ്വാതന്ത്ര്യം ഉണ്ടെന്നുള്ള കാര്യം അറിയിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി ചെറിയാൻ തോമസ്, പി.വി. മത്തായി. ഫോൺ : 0481 2433422, 2338199

**Gujarat Brethren Bible Institute (G.B.B.I)**

1. 1 year certificate course (C.Th) Medium - Hindi & English. Seats 8 only
2. Diploma in Theology (Dip. Th)- Medium - Hindi & English.Seats 8 only. (Those who have completed Theological studies for 1 year in any other Bible Institutes can join to this course. (1) Free boarding and lodging. (2) Well Experienced Faculties, (3), Language studies, (4) Systematic Teaching (5) Well furnished class rooms & accommodation. (6) Good quality food. (7). Training in basic computer etc. Next batch will commence from 20th June 2009. Write for application form GBBI Plot.No. 147, Sector.7 Gandhidham. 370201. Kutch.Gujarat. Ph: 02836-224763, 226951.

**ജി.റ്റി.സി. പുതിയ ബാച്ച് –** ജി.റ്റി.സി.യുടെ പുതിയ ബാച്ച് 2009 ജൂൺ ആദ്യം ആരംഭിക്കുന്നു. പഠനത്തോടൊപ്പം പരിശീലനവും ഇവിടുത്തെ പ്രത്യേകതയാണ്. ഇംഗ്ലീഷ് മാധ്യമത്തിലുള്ള 2 വർഷ കോഴ്സിലേക്ക് എസ്.എസ്.എൽ.സി. കഴിഞ്ഞ യുവാക്കൾക്കാണ് പ്രവേശനം. സുവിശേഷ വേലയിൽ താല്പര്യമുള്ളവരും സാക്ഷ്യമുള്ളവരും സ്ഥലം സഭകൾ ശുപാർശചെയ്യുന്നവരുമായ യുവാക്കൾ 20 രൂപാ എം.ഒ. അയച്ച് അപേക്ഷാ ഫോറത്തിനും പ്രോസ്പെക്ടെസിനും അപേക്ഷിക്കുക. അപേക്ഷകൾ മെയ് 1 ന് മുമ്പായി ലഭിച്ചിരിക്കണം. വിലാസം Sajeev Varghese, Principal, Gospel Training Centre, Iringole P.O., Perumbavoor, Kerala-683548. ജി.റ്റി.സി. ക്കുവേണ്ടി സെക്രട്ടറി

**സത്യം തിയോളജിക്കൽ സെമിനാരി കട്ടപ്പന**: സുവിശേഷ തല്പരരും സമർപ്പണവും ഉള്ള യുവാക്കന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പഠനം, ഭക്ഷണം, താമസസൗകര്യം എന്നിവ സൗജന്യമായിരിക്കും. +2 പാസായവർക്ക് 3 വർഷം കൊണ്ട് ഇംഗ്ലീഷ് മീഡിയത്തിൽ B.Th. നൽകുന്നു. സൗജന്യമായി കമ്പ്യൂട്ടർ പഠനവും B.A.ചെയ്യുവാനുള്ള സൗകര്യങ്ങളും ഉണ്ട്. S.S.L.C.ക്കാർക്ക് Dip. Th സർട്ടിഫിക്കറ്റും നൽകുന്നതാണ്. ക്ലാസ്സുകൾ 2009 മേയ്25 ന് ആരംഭിക്കുന്നു. Contact : The Principal, Sathyam Theological Seminary, P.O.Box, 6 Kattappana South P.O., Idukki - 685 508, Ph: 04868 250369

**Walterick Ministries, Trivandrum, India**

വേദപണ്ഡിതനായ വില്ല്യം മാക്ഡൊണാൾഡിന്റെ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള താഴെപ്പറയുന്ന പുസ്തകങ്ങൾ കുറഞ്ഞ വിലയിൽ ഇന്ത്യയിലെ എല്ലാ വിശ്വാസികൾക്കും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ ഇംഗ്ലീഷ് ഭാഷയിൽ പുനഃപ്രസിദ്ധീകരണം ചെയ്തിരിക്കുന്നു.

1. Justification By Faith (Book on Romans)
Rs. 30 (200 Pages)
2. Separation False and True J.M. Davies
Rs. 30 (100 Pages)
3. Fundamental, Important and Non Essential Issue (A Suggested method for resolving Differences in the Assembly)
Rs. 10 (16 Pages)
4. To What Should We be Loyal ?
Rs.10(30 Pages)

Postage Charges extra. Contact : A.V. George, T.C.2/3003; Panachamoodu Lane, Pattom P.O.; Trivandrum 695004, Phone : 0471 2447823, Cell:9895283747, In Chennai Contact : Anil Rajan @ 09940277665

**SBS (HD)യ്ക്ക് പുതിയ ഭാരവാഹികൾ**

രക്ഷാധികാരി – വി.എം. പോൾ, പ്രസിഡന്റ് – കെ.പി. ജോർജ്ജ്, വൈ. പ്രസിഡന്റ് – എൽ.പി. സജീവൻ, സെക്രട്ടറി – സജു ജോൺ കാലേബ്, ജോ. സെക്രട്ടറി – ജോബിൻ തോമസ്, ട്രഷറാർ – ബിജു ദേവസ്യ

പുതിയ ഭാരവാഹികളെയും SBS (HD) പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കേണമേ. SBS (HD) ക്കുവേണ്ടി സജു ജോൺ കാലേബ്, SBS (HD) സെക്രട്ടറി


RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

**If undelivered Please return to:**
**Athma Prakashini**
**P.B.No.10**
**Kumbanad**
**Thiruvalla 689 547**

**Printed and Published by**
**C.A.George**
**at Excel Offset Printers, Omallor**


**ആത്മപ്രകാശിനി**

മാസികയുടെ വരിസംഖ്യ കുടിശ്ശികയുള്ളവർ ദയവായി താമസംവിനാ അയച്ചു തന്ന് ഈ ആത്മീയ ശുശ്രൂഷയിൽ സഹകരിച്ചാലും. ക്രമമായി വരിസംഖ്യ അയച്ചു തരുന്ന പ്രിയ വായനക്കാർക്ക് ഞങ്ങളുടെ നന്ദിയും അറിയിച്ചുകൊള്ളുന്നു.